# കാർമ്മെൽ

ജൂലൈ 1957

ത്രൈമാസികം

CARMEL QUARTERLY



JULY 1957

വർഷം 10 പു. 10 | ജൂലയ് 1957 | ലക്കം 3

# രക്ഷയുടെ കവചം

(ഫാ. ഫിലിപ്പ് ഒ. സി. ഡി.)

കേരളത്തിലെ കത്തോലിക്കാസഭ കഴിഞ്ഞ പത്തൊമ്പതു നൂററാണ്ടുകളിൽ അഭിമുഖീകരിച്ചിട്ടില്ലാത്തവിധം അത്ര ഭയാനകവും നാശോന്മുഖവുമായ ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിയിരിക്കുകയാണു്. എന്നാൽ ഈ സന്ദർഭത്തിൻെറ ഗൌരവവും അപകടത്തിൻെറ ഭീകരത്വവും അതിൻെറ ശരിയായ രൂപത്തിൽ ദർശിക്കുന്നതിനോ, ഗ്രഹിക്കുന്നതിനോ കത്തോലിക്കർതന്നെ കൂട്ടാക്കുന്നില്ല എന്നുള്ളതാണു് കൂടുതൽ പരിതാപകരമായിട്ടുള്ളതു്.

കത്തോലിക്കാസഭയുടെ ഈ നൂററാണ്ടിലെ പ്രഥമശത്രുവായ കമ്മ്യൂണിസം ആ വിശുദ്ധ സഭയുടെ താങ്ങും തണലും അനുഭവിച്ചു് സുഖിച്ചു വളന്നിട്ടു് അവളെഒററിക്കൊടുക്കുന്നതിനു് മുന്നിട്ടിറങ്ങിയ കരിങ്കാലികളുടേയും കപടവേഷധാരികളുടേയും സഹകരണത്തോടുകൂടി കേരളഭൂമിയിൽ ഭരണഭാരം കയ്യേററതോടുകൂടി നമ്മുടെ ദുർദ്ദശ അതിൻെറ പാരമ്യത്തിൽ എത്തിയെന്നു പറയാം. ദൈവവിശ്വാസമില്ലാത്ത, മതബോധമില്ലാത്ത, സത്യമോ, സദാചാരമോ, സന്മാർഗ്ഗമോ ഇല്ലാത്ത ഒരു ജനതയുടെ കയ്യിൽ രാജ്യത്തെ ഭരണക്രമം ഏല്പിക്കപ്പെട്ടാൽ പിന്നെ എന്താണു് സംഭവിക്കാൻ പാടില്ലാത്തതു്?

തിരുസ്സഭാമാതാവു് തൻെറ കുഞ്ഞുമക്കളെ പാലൂട്ടിവളർത്തുന്നതിനുള്ള പ്രഥമ ഉപകരണമായി കരുതുന്ന വിദ്യാഭ്യാസപദ്ധതിയിൽ ഒരു കമ്മ്യൂണിസ്ററ—കത്തോലിക്കൻ എന്ന വിരോധാഭാസ ജീവി കൈവയ്ക്കുവാൻ മുതിർന്നിരിക്കുന്ന ഈ അവസരത്തിൽ മതത്യാഗിയായ ജൂലിയൻെറ കീഴിൽ റോമ്മാ സാമ്രാജ്യത്തിൽ നടമാടിയ നരവേട്ടയും, വിഷയാലമ്പടനായ ഹെൻറി എട്ടാമൻെറ കാലത്തു് ഇംഗ്ലണ്ടിൽ അനുഭവപ്പെട്ട വേദനകളുമാണു് ഓർമ്മയിൽ വരുന്നതു്.

കോടിക്കണക്കിനു് പണം മുടക്കി നാം കെട്ടിപ്പടുത്തിട്ടുള്ള സ്കൂളുകളും കോളേജുകളും കൈവിട്ടു് പോയേക്കും എന്നുള്ളതല്ല ഇന്നത്തെ ഭീതിജനകമായ സ്ഥിതിക്കു് പ്രധാനകാരണം. സ്കൂളുകളും കോളേജുകളും ദേവാലയങ്ങളും വസ്തുവകകളും കത്തോലിക്കാസഭയുടെ നിലനില്പിനും വികസനത്തിനും അത്യന്താപേക്ഷിതം തന്നെ. എങ്കിലും റോമ്മാ സാമ്രാജ്യം അതിൻെറ സർവ്വശക്തികളോടും കൂടെ തിരുസ്സഭാതരുവിനെ ഞെരുക്കിനശിപ്പിക്കുന്നതിനു് തീവ്രയത്നം ചെയ്ത ആദ്യനൂററാണ്ടുകളിൽ നമുക്കു് സ്കൂളുകളോ ദേവാലയങ്ങളോ ഇല്ലായിരുന്നു. എന്നാൽ അന്നത്തെ കത്തോലിക്കരുടെ ആത്മവീര്യവും വിശ്വാസസ്ഥിരതയും ആ ഭയങ്കരസാമ്രാജ്യശക്തിയോടു് പൊരുതി ജയിക്കുന്നതിനു് പ്രാപ്തി നൽകി. ഇന്നാകട്ടെ, അത്തരത്തിലുള്ള ആത്മവീര്യവും വിശ്വാസസ്ഥിരതയും നമ്മുടെ കത്തോലിക്കർക്കുണ്ടോ എന്നു് ശങ്കിക്കേണ്ടിയിരിക്കുന്നു.

# കാർമ്മൽ

അല്ലെങ്കിൽ നിരീശ്വരരും നിർമ്മതക്കാരുമായ കമ്മ്യൂണിസ്റ്റുകാർക്ക് നമ്മുടെ ജനങ്ങളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സഹകരണം എങ്ങനെ ഗ്രഹിക്കാൻ സാധിക്കും? കേരളത്തിലെ കത്തോലിക്കാസഭയുടെ ചങ്കിന് വെച്ച ആ കത്തിയെ—വിദ്യാഭ്യാസ ബില്ലിനെ—കരുപ്പിടിപ്പിച്ചതു്, കത്തോലിക്കനായി ജനിച്ച് വളർന്ന്, ഇന്നും താൻ കത്തോലിക്കനാണെന്ന് നിർലജ്ജം വീമ്പടിക്കുന്ന, ഒരുവനാണ് എന്ന വസ്തുത എങ്ങനെ വ്യാഖ്യാനിക്കാൻ കഴിയും? കത്തോലിക്കാ നാമധാരികളായ പലരും ഇന്ന് ഈ നാശോന്മുഖമായ ബില്ലിനെ ശക്തിയുക്തം എതിർക്കുന്നതിന് വിമുഖരായി കാണപ്പെടുന്നുവെന്നുള്ള സംഗതി എന്താണ് സൂചിപ്പിക്കുന്നതു്?

എങ്കിലും നാം നിരാശയിൽ നിപതിക്കേണ്ടതില്ലതന്നെ. കേരളത്തിലെ കത്തോലിക്കർക്ക് എന്തെല്ലാം കുറവുകളും കുറവുകളും ഉണ്ടെങ്കിലും ഒരു കാര്യത്തിൽ നമുക്ക് അഭിമാനിക്കാം; ഒരു സംഗതി അന്ധകാരനിബിഡമായ ഈ അന്തരീക്ഷത്തിൽ ആശയുടേയും ആശ്വാസത്തിൻെറയും കിരണങ്ങൾ വീശുന്നുണ്ട്. അതു് നമ്മുടെ ദേവമാതൃഭക്തിയല്ലാതെ മറ്റൊന്നുമല്ല. മലബാർ മേരിയുടെ നാടാണ്. നമ്മുടെ ദിവ്യരക്ഷകൻെറ സ്വർഗ്ഗാരോഹണാനന്തരം യഹൂദരാൽ മർദ്ദിക്കപ്പെട്ട ശ്ലീഹന്മാരെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തിയ ആ ദിവ്യനാഥ, തുർക്കികളുടെ ആക്രമണത്തിൽ നിന്ന് കത്തോലിക്കാലോകത്തെ, ലെപ്പാന്തോ വിജയം മുഖേന സംരക്ഷിച്ച ആ സ്വർഗ്ഗരാജ്ഞി, ഇതുപോലെ അപകടസമ്പൂർണ്ണമായ ഒരവസരത്തിൽ രക്ഷയുടെ കവചമായി സൈമൺസ്റ്റോക്കിന് നൽകിയ ഉത്തരീയം സ്നേഹപൂർവ്വം ധരിക്കുന്ന കേരള കത്തോലിക്കരെ കൈവിടുകയില്ല.

1251-ൽ കർമ്മലീത്താ സഭയ്ക്കു് അന്ന് യൂറോപ്പിൽ അനുഭവപ്പെട്ടുകൊണ്ടിരുന്ന നിരവധി ക്ലേശങ്ങളിലും, ആ ചെറുതരുവിനെ, നാമ്പുനുള്ളി നശിപ്പിക്കുന്നതിന് കുതിച്ചുകയറിവന്ന ശത്രുക്കളുടെ വൈരാഗ്യത്തിലും നീന്തിത്തുടിച്ച് നിരാലംബനായിത്തീർന്ന വി. സൈമൺസ്റ്റോക്ക്, തൻെറ സഭയെ സംരക്ഷിക്കണമേയെന്ന് ഹൃദയം തകർന്നു പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗീയരാജ്ഞി അദ്ദേഹത്തിന് കാണപ്പെട്ടു് തിരു ഉത്തരീയം നൽകിക്കൊണ്ടു് അരുളിചെയ്തു: "ഇതു് രക്ഷയുടെ കവചമാണ്, അപകടങ്ങളിൽ ആലംബമാണ്, സമാധാനത്തിൻെറ സന്ദേശമാണ്" എന്ന്.


നമ്മുടെ കേരളത്തിൽ ഉത്തരീയ ഭക്തിക്ക് മൂന്നുററി ചില്ലുവാനംകൊല്ലത്തെ പഴക്കമേയുള്ളുവെങ്കിലും അന്നുമുതൽ തങ്ങളുടെ സ്വർഗ്ഗീയമാതാവിനോടുള്ള ആ ഭക്തകൃത്യം ആവേശഭരിതരായി സ്വീകരിക്കുന്നതിനും അഭിമാനപൂർവ്വം പ്രവൃത്തിയിൽ വരുത്തുന്നതിനും നമ്മുടെ പൂർവ്വികന്മാർ പ്രദർശിപ്പിച്ച ഉത്സാഹം ആദ്യകാലം മുതൽ നമ്മിൽ വേരുറച്ചിരുന്ന ദൈവമാതൃഭക്തിയേയാണ് പ്രത്യോദിപ്പിക്കുന്നതു്.

1634-ൽ ജോസഫ് ഏലിയാസ് എന്ന കർമ്മലീത്താ വൈദികൻ ഉത്തരീയഭക്തി കുറവിലങ്ങാട്ടു് പള്ളിയിൽ ആരംഭിച്ചു. 1657-ൽ ഫാദർ വിൻസെൻറ് പ്രസ്തുത ദേവാലയം സന്ദർശിച്ചപ്പോൾ അവിടെ അയ്യായിരത്തിൽപ്പരം ഉത്തരീയസംഭാംഗങ്ങൾ ഉണ്ടായിരുന്നുവെന്ന് കാണുകയുണ്ടായി. ഇന്നാകട്ടെ നമ്മുടെ നാട്ടിൽ ഉത്തരീയധാരണം കത്തോലിക്കാവിശ്വാസത്തിൻെറ ബാഹ്യ ചിഹ്നമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ടല്ലേ കലർപ്പില്ലാത്ത കമ്മ്യൂണിസ്റ്റുകാർപോലും ഇലക്ഷൻകാലത്തു് നിഷ്കളങ്കരായ കത്തോലിക്കാവിശ്വാസികളെ കബളിപ്പിക്കുന്നതിന് ഉത്തരീയം ധരിച്ചുകൊണ്ടു് പുറപ്പെടുന്നതു്?

രക്ഷയുടെ ഈ കവചം—നമ്മുടെ സ്വർഗ്ഗീയനാഥതന്നെ നമുക്ക് കൊണ്ടുവന്നു തന്നിട്ടുള്ള ഈ അലൗകികായുധം ആദരവോടെ നാം ധരിക്കുമെങ്കിൽ, നരകസർപ്പത്തിൻെറ തല തകർത്ത ആ വീരകന്യകയെ വിശ്വാസപൂർവ്വം നാം അഭയം തേടുമെങ്കിൽ നമ്മെ അഭിമുഖീകരിക്കുന്ന ഈ വിഷമസന്ധിയെ വിജയശ്രീലാളിതരായി തരണം ചെയ്യുന്നതിന് നമുക്ക് സാധിക്കുമെന്ന് നിശ്ചയമാണ്.

# ദൈവത്തിൻെറ ഏററവും വലിയ ദാനം

റവ. ഫാദർ തോമസ്സ് മൂത്തേടൻ എം. ഏ.; ഡി. ഡി.



ലേഖകൻ

അനേകകൊല്ലങ്ങൾക്കുമുമ്പ് ഒരു ഫ്രഞ്ച്സ്കൂളിൽ ഒരു പ്രബന്ധമത്സരം നടന്നു. "ദൈവത്തിൻെറ ഏററവും വലിയ ദാനമെന്തു്?" എന്നായിരുന്നു പ്രബന്ധവിഷയം. "ശ്യാമപ്പൂമെത്ത, ചഞ്ചൽകുളിർ വിശറി, മണികിണ്ണമാം നീലമേലാപ്പു്, ഓമൽതങ്ക ഉളോപ്പി വകവിഭവശതം ചേർന്ന" പ്രപഞ്ചത്തിൻെറ സൃഷ്ടിയാണു ഏററവും വലിയ ദാനമെന്നു് ചിലർ അഭിപ്രായപ്പെട്ടു. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതും കൊടിയൊരുകുരിശിൽതൂങ്ങിമരിച്ചു മനുഷ്യവർഗ്ഗത്തെ രക്ഷിച്ചതുമാണു ദൈവത്തിൻെറ മഹാദാനമെന്നു ഇതരർ പലരും പ്രസ്താവിച്ചു. ലോകാവസാനം വരെ നമ്മോടുകൂടെ ഇരുന്നു് അപ്പത്തിൻെറ സാദൃശ്യത്തിൽ തന്നെത്തന്നെ നമുക്കു നൽകി നമ്മെ ശക്തിപ്പെടുത്തുന്ന വി. കുർബാനയാണു് ഏററവും വലിയ ദൈവദാനമെന്നു് ഒരാൾ സമർത്ഥിച്ചു. അയാൾക്കു ലഭിച്ചു ഒന്നാം സമ്മാനം.

വാസ്തവത്തിൽ വി. കുർബാനയേക്കാൾ മഹത്തരമായ ദാനമെന്താണുള്ളതു്? സ്നേഹത്തെ അളന്നു തിട്ടപ്പെടുത്തുവാൻ മിശിഹാ നിർദ്ദേശിച്ചുതന്നിട്ടുള്ള മാനദണ്ഡം സുവിദിതമാണു്. "ഒരുത്തൻ തൻെറ സ്നേഹിതൻവേണ്ടി ജീവൻ ബലിചെയ്യുന്നതിനേക്കാൾ വലിയ സ്നേഹമില്ല" കുരിശുമരണംവഴി തൻെറ സ്നേഹം അവിടുന്നു സുവ്യക്തമാക്കി; എന്നാൽ അതിനേക്കാൾ വലിയ സ്നേഹമാണു് ഒടുവിലത്തെ അത്താഴത്തിൽ തൻെറ ശരീരം ഭക്ഷണമായി നമുക്കു നല്കിയപ്പോൾ അവിടുന്നു പ്രദർശിപ്പിച്ചതു്. "കർത്താവിനെ പാടി സ്തുതിക്കുവിൻ, എന്തുകൊണ്ടെന്നാൽ അവിടുന്നു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു." എന്നു് ഏശയ്യാ ദീർഘദർശി എഴുതിയിട്ടുണ്ടു്. മിശിഹായുടെ മനുഷ്യാവതാരവും വി. കുർബാനയുടെ സ്ഥാപനവും മററും കാണുന്നതിനുമുമ്പു് ഏശയ്യാ എഴുതിയ വാക്കുകളാണു മേലുദ്ധരിച്ചതു്. ഏതെല്ലാംവിധത്തിൽ മനുഷ്യൻെറ സ്നേഹം സമ്പാദിക്കുവാൻ സർവ്വേശ്വരൻ പരിശ്രമിച്ചിരിക്കുന്നുവെന്നുള്ളതാണു് ആ പ്രവാചകൻെറ ചിന്താവിഷയം. അന്നു് ഏശയ്യാപോലും വിചാരിച്ചുകാണുകയില്ല അപ്പത്തിൻെറ സാദൃശ്യത്തിൽ മനുഷ്യാവതാരം ചെയ്യുന്ന ദൈവം തന്നെത്തന്നെ നമുക്കു ഭക്ഷണമായി നല്കുമെന്നു്. അതുംകൂടി അദ്ദേഹം മനസ്സിലാക്കിയിരുന്നെങ്കിൽ അദ്ദേഹം എന്തു പറയുമായിരുന്നു?

വി. അഗസ്റ്റിനോസ്സ് ഏശയ്യായെപ്പോലെ ഒരു പ്രവാചകനല്ല; എന്നാൽ അദ്ദേഹം വലിയ ഒരു പണ്ഡിതനായിരുന്നു. "എൻെറ മാംസം ഭക്ഷിക്കുക; എൻെറ രക്തം പാനംചെയ്യുക." എന്നു് ഈശോ പറഞ്ഞിട്ടുള്ളതു മൗഢ്യംപോലെ തോന്നുകയില്ലെ എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. കഫർണാമിൽ

വച്ചു വി. കുർബാനയെപ്പററി ആദ്യമായി പ്രതിപാദിച്ചപ്പോൾ അവിടുത്തെ സ്നേഹപൂർവ്വം പിഞ്ചെന്നിരുന്നവർപോലും പറഞ്ഞതു് ആ സംഗതി വിശ്വസിക്കുവാൻ വളരെ പ്രയാസമുണ്ടെന്നാണ്. മനുഷ്യനു് ഊഹിക്കുവാനും വിശ്വസിക്കുവാനും പ്രയാസമായിരുന്നതു് ഈശോയുടെ സ്നേഹം ഇതാ നിവർത്തിച്ചിരിക്കുന്നു. അവിടുന്നു പറയുന്നു. "വാങ്ങി ഭക്ഷിക്കുവിൻ; ഇതു് എന്റെ ശരീരമാണു്." ഭൗമികപദാർത്ഥങ്ങളൊന്നുമല്ല അവിടുന്നു ഭക്ഷിക്കുവാൻ തരുന്നതു്, അവിടുത്തെത്തന്നെയാണു തരുന്നതു്.

വി. കുർബാനയിൽ എത്രമാത്രം താല്പര്യത്തോടുകൂടെയാണു് അവിടുന്നു നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളിവരുന്നതു്? ഈ കൂദാശ സ്ഥാപിച്ച അവസരത്തിൽ അവിടുന്നു പറഞ്ഞ വാക്കുകൾ ചിന്തിച്ചുനോക്കുവിൻ. "എന്റെ പീഡാനുഭവത്തിനുമുമ്പു് ഈ പെസഹാ ഭക്ഷിക്കുവാൻ ഞാൻ അത്യധികം ആഗ്രഹിച്ചു." അനുപദം പരിഭാഷപ്പെടുത്തുകയാണെങ്കിൽ നാം പറയേണ്ടതു് ഞാൻ ആഗ്രഹത്തോടെ ആഗ്രഹിച്ചുവെന്നാണു്. എരിയുന്ന സ്നേഹമല്ലേ ഈ വാക്കുകൾ വരച്ചുവെക്കുന്നതെന്നു ലോറൻസുയുസ്റ്റീനിയൻ എന്ന പുണ്യവാൻ ചോദിക്കുന്നു. പലപ്പോഴായി മിശിഹാ പറഞ്ഞിട്ടുള്ള വാക്കുകൾ അനുസ്മരിക്കുക. "വരൂ, എന്റെ അപ്പം ഭക്ഷിക്കൂ; ഞാൻ തരുന്ന വീഞ്ഞു കുടിച്ചുനോക്കൂ." "എന്റെ മാംസം ഭക്ഷിക്കുന്നവർക്കു നിത്യജീവനുണ്ടു്." "ഈയപ്പം ഭക്ഷിക്കുന്നവർ എന്നന്നേക്കും ജീവിക്കും." "ദൈവപുത്രന്റെ മാംസം ഭക്ഷിക്കുന്നില്ലെങ്കിൽ നിങ്ങളിൽ ജീവൻ ഉണ്ടാകയില്ല." ഈ ക്ഷണങ്ങളും ഈ വാഗ്ദാനങ്ങളും ഭീഷണിയുമെല്ലാം വി. കുർബാനയിൽ നമ്മുടെ പക്കൽ വരുവാനുള്ള ആഗ്രഹമാണല്ലോ സൂചിപ്പിക്കുന്നതു്.

സ്നേഹത്തിനു് ഒരു പ്രത്യേകതയുണ്ടു്; അതു് ഐക്യത്തെ ദാഹിക്കുന്നു. രണ്ടുസ്നേഹിതന്മാർ എപ്പോഴും ഒന്നിക്കുവാൻ ആഗ്രഹിക്കുന്നുവെന്നാണു തോമസ് അക്വിനസ്സ് പുണ്യവാൻ പറയുന്നതു്. ദൈവത്തിന്റെ അനന്തസ്നേഹം ഇതും ചെയ്തിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ തന്നെത്തന്നെ നമുക്കു തരികമാത്രമല്ല അവിടുന്നു ചെയ്യുന്നതു്; പ്രത്യുത ഈ ജീവിതത്തിൽത്തന്നെ എത്രകണ്ടു നമ്മളോടു യോജിക്കുവാൻ കഴിയുമോ അത്രകണ്ടു യോജിക്കുവാനുള്ള ഒരു മാർഗ്ഗമാണു വി. കുർബാനയിൽ അവിടുന്നു കണ്ടുപിടിച്ചു നിർദ്ദേശിച്ചിരിക്കുന്നതു്. അപ്പത്തിന്റെ സാദൃശ്യത്തിൽ മിശിഹാ തന്നെത്തന്നെ നമുക്കു നല്കുന്നു. നമ്മൾ അവിടുത്തെ കാണുന്നില്ലെങ്കിലും അവിടുന്നു നമ്മളെ കാണുകയും അവിടുത്തെ പക്കൽ എത്തിച്ചേരുവാൻ നമ്മളെ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കയാണു്. അവിടുത്തെ പക്കൽ എത്തിച്ചേരുന്നതുവരെ അവിടുന്നു തന്നെത്തന്നെ നമുക്കു നല്കിക്കൊണ്ടിരിക്കുകയും ചെയ്യും.

മനുഷ്യാവതാരത്തിലും രക്ഷണകൃത്യത്തിലും മനുഷ്യവർഗ്ഗത്തോടു പൊതുവെയുള്ള മിശിഹായുടെ സ്നേഹമാണു പ്രത്യക്ഷപ്പെടുന്നതു്; എന്നാൽ വി. കുർബാനയിൽ നമുക്കോരോരുത്തർക്കും അവിടുന്നുതന്നെത്തന്നെ തരുന്നു. "എന്റെ മാംസം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." വി. കുർബാന സ്വീകരിക്കുമ്പോൾ ഈശോ ആത്മാവിനോടും ആത്മാവു് ഈശോയോടും ഐക്യപ്പെടുന്നു. ഇങ്ങനെ ഓരോ ആത്മാവും പ്രത്യേകം പ്രത്യേകം വി. കുർബാനയുടെ ഫലം അനുഭവിക്കുന്നു. തൻമൂലം മിശിഹായുടെ മനുഷ്യാവതാരവും പീഡാനുഭവവും, കുരിശുമരണവും പോലെ മനുഷ്യസമുദായത്തിനു പൊതുവായിട്ടുള്ള ഒരനുഗ്രഹമായി മാത്രം വി. കുർബാനയെ വീക്ഷിച്ചാൽ പോരാ.

വിശ്വാസതീക്ഷ്ണതയുള്ള ഏതൊരുവനും അതിനാൽ സമ്മതിക്കും ദൈവം നമുക്കു നല്കിയിട്ടുള്ള ദാനങ്ങളിൽ ഏററവും മഹത്തരമാണു് വി. കുർബാനയെന്നു്. സെന്റ ഫ്രാൻസിസ്സുസെയിൽസു പറയുന്നു; "വിശ്വാസികളായ നമ്മുടെ ആത്മാക്കളിൽ പ്രവേശിക്കുവാനും നമ്മുടെ ഹൃദയത്തോടു് ഐക്യപ്പെടുവാനുമായി തന്നെത്തന്നെ ഭക്ഷണമാക്കി സ്വയംതാഴ്ത്തിയതിനേക്കാൾ മഹത്തരമായി ദിവ്യരക്ഷകന്റെ സ്നേഹവും ആർദ്രതയും കൂടുതൽ സുവ്യക്തമാകുന്ന വേറൊരു പ്രവൃത്തിയില്ല." സീയെന്നായിലെ ബെർണ്ണദീൻപുണ്യവാൻ എഴുതിയിട്ടുള്ള വാക്കുകൾ പ്രകൃതത്തിൽ സ്മരണീയമാണു്. "ഭക്ഷിക്കുന്നവരോടു് ഭക്ഷണം യോജിച്ചുചേരുന്നതുപോലെ നമ്മളോടു പൂർണ്ണമായി ഐക്യപ്പെടുന്നതിനു് ഈശോ തന്നെത്തന്നെ നമുക്കു തരുന്നു; തന്നിമിത്തം ഭക്ഷണമായി ഈശോ തന്നെത്തന്നെ

പ്രദാനംചെയ്യുന്നത് അവിടുത്തെ സ്നേഹത്തിൻെറ അന്തിമപ്രകടനമാണ്."

നമ്മുടെ ആത്മാക്കളോട് ഐക്യപ്പെടുവാൻ ഈശോക്ക് എന്തൊരാനന്ദം ആണെന്നറിയാമോ? തൻെറ പ്രിയദാസിയായ അയിപ്പേഴ്സിലെ മാർഗരററിനോടു ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ഒരിക്കൽ ഈശോ ഇപ്രകാരം പറഞ്ഞു "എൻെറ മകളേ, ഞാനും നീയും തമ്മിലുള്ള സുന്ദരമായ ഐക്യം കാണുക. ആകയാൽ വരൂ, എന്നെ സ്നേഹിക്കൂ, ഒരിക്കലും പിരിയാതെ നമുക്ക് സ്നേഹത്തിൽ യോജിച്ചു കഴിയാം." സെയിൻറ് ലോറൻസുയുസ്റ്റിനിയൻ പറയുന്നു. "ദൈവമേ, ഞങ്ങളോടുള്ള സ്നേഹം നിമിത്തം ഈ കൂദാശവഴി ഞങ്ങളുടെ ഹൃദയങ്ങളും നിൻേറതും അഭേദ്യമായ ഐക്യത്താൽ ഒന്നിപ്പിക്കുവാനാണ നിൻെറ ആഗ്രഹം."

ആകയാൽ ഈശോക്കു നല്കാവുന്ന ഏററവും വലിയ ആനന്ദം ഭക്തിയോടുകൂടെ വി. കുർബാന അനുഭവിക്കുന്നതാണ്. ഭക്തിയോടുകൂടെ വി. കുർബാന കൈക്കൊള്ളുക എന്നു പറയുന്നതുകൊണ്ടു സാധാരണ മനുഷ്യന് അസാദ്ധ്യമായ യോഗ്യതയൊന്നും ഉദ്ദേശിക്കുന്നില്ല. ദൈവത്തെ തക്കഭക്തിയോടുകൂടെ ദൈവത്തിനുമാത്രമെ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. മനുഷ്യരായ നമ്മൾ അവിടുത്തെ സ്വീകരിക്കുവാൻ ക്ഷണിക്കപ്പെട്ടിരിക്കുമ്പോൾ നമുക്കു കഴിവുള്ള ഒരുക്കമേ അവിടുന്നു പ്രതീക്ഷിക്കൂ. ചാവദോഷങ്ങൾക്കെല്ലാം പൊറുതിനേടി പ്രസാദവരത്തിൽ വർത്തിക്കുന്നതുതന്നെമതി വി. കുർബാന സ്വീകരിക്കുവാൻ. എന്നാൽ സെൻറ്ഫ്രാൻസിസുസെയിൻസു പറഞ്ഞിട്ടുള്ളതുപോലെ വി. കുർബാനയിൽ ഈശോയെസ്വീകരിക്കുന്നതുസ്നേഹത്തോടുകൂടെയായിരിക്കണം; കാരണം സ്നേഹം നിമിത്തമാണ് ഈശോതന്നെത്തന്നെ നമുക്കു നല്കുന്നത്.

മറെറങ്ങും സിദ്ധിക്കാൻപാടില്ലാത്ത അനുഗ്രഹങ്ങളാണ വി. കുർബാന സ്വീകരണംവഴി നമുക്കു ലഭിക്കുന്നത്. പിതാവു സകല അധികാരങ്ങളും ദൈവപുത്രനു നല്കിയിരിക്കുന്നു. തന്മൂലം വി. കുർബാനവഴി ഈശോ ഒരാത്മാവിൽ എഴുന്നള്ളി വരുമ്പോൾ സകല അനുഗ്രഹങ്ങളുടേയും നിധിയോടുകൂടെയാണ് അവിടുന്നു വരുന്നതു്. ആകയാൽ, "അതിനോടുകൂടെ സകല നന്മകളും എനിക്കു കൈവന്നു," എന്നുള്ള വേദവാക്യം വി. കുർബാനയെ സംബന്ധിച്ചു് എത്രയും അന്വത്ഥമാണ്. ആത്മവിശുദ്ധീകരണത്തിന് വി. കുർബാനയോളം സഹായകമായി വേറൊരു ഉപാധിയുണ്ടെന്നു തോന്നുന്നില്ല. ചാവദോഷങ്ങളിൽനിന്നും ദിനംപ്രതി വരുന്ന മറവുതെററുകളിൽനിന്നും നമ്മളെ സംരക്ഷിക്കുന്നതിനുള്ള പ്രധാന പോംവഴി വി. കുർബാനയാണെന്നു ത്രെന്തോസുസൂനഹദോസു പഠിപ്പിക്കുന്നു. വി. കുർബാനവഴി നമുക്കു സിദ്ധിക്കുന്ന വരപ്രസാദവും ദിവ്യകാരുണ്യസ്വീകരണത്തോടൊപ്പം നമ്മിൽ ഉയർന്നുവരുന്ന സ്നേഹപ്രകരണങ്ങളും ഈശോയിലേക്കു നമ്മെ അടുപ്പിക്കുന്നു. മൂന്നാം ഇന്നസെൻറു മാർപ്പാപ്പായുടെ വാക്കുകൾ ശ്രവിച്ചാലും. "ഈശോ തൻെറ പീഡാനുഭവംവഴി പാപത്തിൻെറ ഭരണാധികാരത്തിൽനിന്നു നമ്മളെ രക്ഷിച്ചു; വി. കുർബാനവഴി പാപച്ചാച്ചിലുകളിൽനിന്നു നമ്മെ അകററി."

മാത്രമല്ല, വി. കുർബാന സ്നേഹാഗ്നികൊണ്ടു നമ്മളെ ഉജ്ജ്വലിപ്പിക്കുന്നു. ദൈവം സ്നേഹമാണ്. ആ സ്നേഹാഗ്നി നമ്മുടെ ഹൃദയത്തിൽ ഉൽകൃഷ്ടമായ സ്നേഹം ഉരുവാക്കുന്നു. ഭക്തിപൂർവ്വം ഈശോയെ വി. കുർബാനയിൽ സ്വീകരിക്കുന്നവരുടെ ഹൃദയങ്ങളിൽ അവിടുന്നു സ്നേഹാഗ്നി എരിയിപ്പിക്കാതിരിക്കുമോ? ഒരിക്കൽ സ്വയെന്നായിലെ വി. കത്രീന പുണ്യവതിക്ക് ഒരു വൈദികൻെറ കൈയിലിരുന്ന തിരുവോസ്തി ഒരഗ്നിഗോളംപോലെ കാണപ്പെടുകയുണ്ടായി. അതനുഭവിക്കുന്നവരുടെ ഹൃദയം ചാമ്പലായി എരിഞ്ഞുപോകാത്തതെന്തുകൊണ്ടെന്നായിരുന്നു പുണ്യവതിയുടെ പ്രശ്നം. റോസപുണ്യവതിയുടെ മുഖത്തുനിന്നു ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം പുറപ്പെട്ടിരുന്ന പ്രഭാകിരണങ്ങൾ പുണ്യവതിയെ കാണുന്നവരുടെ കണ്ണഞ്ചിപ്പിച്ചിരുന്നു. വി. കുർബാന സൂക്ഷിച്ചിരുന്ന പള്ളിയിൽ കയറിയാൽ മതി വെഞ്ചസ്ലാവൂസുപുണ്യവാൻെറദേഹംമുഴുവൻ ചൂടുപിടിക്കാൻ. വി. കുർബാന എരിയുന്ന തീയാണെന്നും ബലിപീഠത്തിൽനിന്നു നാം പോരുമ്പോൾ നമ്മൾ സ്നേഹാഗ്നിയാണെനിശ്വസിക്കുന്നതെന്നുമത്രേ വി. ക്രിസോസ്റ്റോം അഭിപ്രായപ്പെട്ടിരിക്കുന്നതു്.

ചിലർ പറയാറുണ്ട് ഭക്തി തോന്നാത്തതുകൊണ്ടാണ് അവർ അടുത്തടുത്തു വി. കുർബാന സ്വീകരിക്കാത്തതെന്ന്. എന്നാൽ തണുപ്പുള്ളവർ തീയിൽ നിന്ന് അകന്നുപോകയാണോ വേണ്ടതു്? ഭക്തി തോന്നാത്തപ്പോഴാണ താല്പര്യത്തോടുകൂടെ ബലിപീഠത്തിലെ കൂദാശയെ സമീപിക്കേണ്ടതു്. വി. ബൊനവെന്തൂരാ പറയുന്നു. "മന്ദഭക്തിയോടുകൂടെയാണെങ്കിലും ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ടു നിങ്ങൾ വി. കുർബാന സ്വീകരിക്കണം. കാരണം, നമ്മുടെ രോഗം എത്രകണ്ടു കൂടുതലാണോ അത്രകണ്ടു കൂടുതലായി നമുക്കു ഡോക്ടർമാരെആവശ്യമാണ്." ഫ്രാൻസിസുസെയിൽസു പുണ്യവാന്റെ വാക്കുകൾ ഇത്തരുണത്തിൽ അനുസ്മരണീയമാണ്. രണ്ടുതരക്കാരാണ് അടുത്തടുത്തു കൂദാശകൾ സ്വീകരിക്കേണ്ടതു്. പരിപൂർണ്ണർ പരിപൂർണ്ണത സംരക്ഷിച്ചുവരുവാനും അപൂർണ്ണർ പൂർണ്ണരായിത്തീരുവാനും അടുത്തടുത്തു ദിവ്യകാരുണ്യം അനുഭവിക്കേണ്ടതുതന്നെ."

റിയോഡിജനെയിറോയിൽവച്ചു രണ്ടുകൊല്ലം മുമ്പു നടന്ന ദിവ്യകാരുണ്യസമ്മേളനത്തിൽ പരിശുദ്ധപിതാവു ചെയ്ത റേഡിയോ പ്രഭാഷണത്തിൽനിന്ന് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. "ജീവന്റെ രഹസ്യവും അമർത്ത്യതയ്ക്കുള്ള ദിവ്യ ഔഷധവുമായ വി. കുർബാന ആത്മാവിന്റെ ജീവനെ സംരക്ഷിക്കുകയും അതിനെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും തിന്മയുടെ വിഷത്തെ നീക്കുകയും വാനവസദൃശമായ വിശുദ്ധപുണ്യമാകുന്ന ലില്ലികൾ മുതൽ ത്യാഗസമ്പുഷ്ടമായ ധീരപ്രവൃത്തികൾവരെയുള്ള പുണ്യങ്ങളെയെല്ലാം നട്ടുവളർത്തുകയും ചെയ്യുന്നു. ദിവ്യശക്തിയോടുകൂടിയ വിശുദ്ധ കുർബാന ക്രിസ്തീയസൈന്യനിരകളുടെ അജയ്യമായ പോർച്ചട്ടയാണ്. രക്തസാക്ഷികളുടെ യുഗത്തിൽ രക്തസാക്ഷിത്വമകുടംവരെ ഉറച്ചുനിൽക്കുന്നതിനു ക്രിസ്തീയയോദ്ധാക്കളെ വി. കുർബാനകൊണ്ടു സായുധീകരിക്കുവാനായിരുന്നു തിരുസഭയുടെ ഉൽക്കണ്ഠ. രക്തസാക്ഷികൾ സുലഭമായിരിക്കുന്ന ഇക്കാലത്തും ബലിവസ്തുവായ ഈശോയെ ആശ്ലേഷിച്ചിരിക്കുന്ന വിശ്വാസ സംരക്ഷകൻ എത്ര സൗഭാഗ്യവാനായിരിക്കും!

"രക്തരഹിതമായ രക്തസാക്ഷിത്വത്തേക്കാൾ അഥവാ മിശിഹായെ പിഞ്ചെല്ലുവാൻ കുരിശുകൾ വഹിക്കുന്നതിനേക്കാൾ യോഗ്യമായെന്താണ് ഒരു ക്രിസ്ത്യാനിക്കു ചെയ്യാവുന്നതു്? തിന്മയുടെ വശീകരണങ്ങളെ ചെറുത്തുനിൽക്കുവാൻ കണ്ണു പിഴുതുകളയുക, കൈയും കാലും വെട്ടിമാറ്റുക എന്നിങ്ങനെയുള്ള ത്യാഗങ്ങൾക്കു തയ്യാറാകണമെന്ന് അവിടുന്നു തന്നെ പ്രസ്താവിച്ചിട്ടില്ലേ? ക്രിസ്തീയധൈര്യം ഈ വിധം പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വി. കുർബാനകൊണ്ടു നിങ്ങളെത്തന്നെ ശക്തിപ്പെടുത്തുവിൻ.

"പ്രിയമക്കളേ,..........വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും രാഷ്ട്രീയവും സാമുദായികവുമായ ജീവിതത്തിലും ദിവ്യകാരുണ്യരാജന്റെ യോദ്ധാക്കളായിരിക്കുവാൻ നിശ്ചയിച്ചിരിക്കുവിൻ. അങ്ങനെ രക്ഷകനായ നമ്മുടെ ദിവ്യരാജന് എല്ലാ ഹൃദയത്തേയും ഭരിക്കുവാൻ അവകാശമുണ്ടായിരിക്കുമെന്നു മാത്രമല്ല യഥാർത്ഥത്തിൽ അവിടുന്നു എല്ലാ ഹൃദയങ്ങളേയും ഭരിക്കതന്നെചെയ്യും. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും നീതിയുടേയും വിശുദ്ധിയുടേയും രാജ്യം അവിടുന്ന് എല്ലായിടത്തും സ്ഥാപിക്കുകയും ചെയ്യും."

ഈദൃശസംഗതികളുടെ മുമ്പിൽ നിന്നുകൊണ്ട് ചിന്തിച്ചുനോക്കുവിൻ ദൈവത്തിന്റെ എത്രയും മഹത്തായ ദാനമെന്താണെന്ന്. അപ്പോൾ ആരും സമ്മതിക്കും ദൈവത്തിന്റെ മഹത്തമമായ ദാനം വി. കുർബാനയിൽ ഈശോതന്നെത്തന്നെ നമുക്കു നല്കുന്നതാണെന്ന്. ഈ ബോധത്തോടുകൂടി വി. കുർബാനയോടുള്ള ഭക്തിയിൽ വളർന്നു വരുന്നതായിരിക്കും നമ്മുടെ എത്രയും വലിയ സൗഭാഗ്യം.

# നാഗമർദ്ദിനി

ഫാ. ജെ. ഹില്ലാരിയോൻ, സി. ഡി.

“അവൾ നിൻെറ തല തല്ലിത്തകർക്കും എന്ന് ദൈവം പറുദീസായിൽവച്ച് ആദിമാതാക്കളെ വഞ്ചിച്ച സർപ്പത്തോട്ട് പറഞ്ഞു. അമലോദ്ഭവയായി സൃഷ്ടിക്കപ്പെട്ടമറിയം, ദൈവത്തിൻെറ അമ്മയായ നമ്മുടെ നാഥ ആപ്തവചനം പൂർത്തിയാക്കി കാലത്തിൻെറ തികവിൽ. ഇന്നാകട്ടെ ആ സർപ്പം കട്ടം ചോരയിൽ കുളിച്ച്, ലോകമാസകലം ഇഴഞ്ഞു സഞ്ചരിക്കുകയാണ്. നമ്മുടെ കേരളക്കരയിലും അതു് ഫണമുയർത്തിക്കഴിഞ്ഞിരിക്കുന്നു. പല നല്ല ആളുകളും അമ്പരന്ന് അസ്വസ്ഥചിത്തരായി ആരായുകയാണ് ഈ കമ്മ്യൂണിസ നാഗത്തെതല്ലിക്കൊല്ലുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച്. വിശ്വസ്നേഹികളും ധാർമ്മികസാമ്രാട്ടുകളുമായ മാർപ്പാപ്പാമാർ അപ്പഴപ്പോൾ നല്ല നല്ല നിർദ്ദേശങ്ങൾ ലോകത്തിന് നൽകിക്കൊണ്ടാണിരുന്നിട്ടുള്ളതു്. പക്ഷെ അവയെ പ്രായോഗികമാക്കുന്നതിന് ത്യാഗംചെയ്ത് ആത്മാർത്ഥമായി, പ്രയത്നിക്കുന്നവർ എത്രവിരളം! ഏതായാലും, ദൈവത്തിലും പ്രകൃത്യതീതശക്തിയിലും വിശ്വസിക്കുന്നവർ ഭയന്ന് തളന്ന് നിരാശരായി തീർന്നിട്ടുകാര്യമില്ല. കാരണം, സർപ്പത്തിൻെറ തല ചതക്കുവാൻ ശക്തിയുള്ള ഒരു സ്ത്രീ നമുക്കുണ്ട്. ആ നാഗമർദ്ദിനി നമ്മുടെ അമ്മയാണ്. സമഷ്ടിവാദനാഗത്തെ അവൾ പലേടത്തും ഇതിനകം തകർത്തുകളഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ വിപൽസന്ധിയിൽ നമുക്ക് ഈ നാഥയെ അഭയംഗമിക്കാം.



ലേഖകൻ

## സേനാനായിക

തിരുസഭയ്ക്കെതിരായി സംഭവിച്ചിട്ടുള്ള മർദ്ദനങ്ങളിൽവച്ച് ഏററം ഭയാനകമാണ് ആധുനിക നിരീശ്വര കമ്മ്യൂണിസം. നമ്മുടെ രക്ഷകൻ ഭൂമുഖത്ത് ആവിർഭവിച്ചപ്പോൾ ജനതതിയെ അമർത്തിക്കൊണ്ടിരുന്ന കിരാതത്വത്തേക്കാൾ നീചവും നികൃഷ്ടവുമാണ് ഇന്നത്തെ കമ്മ്യൂണിസ്റ്റ് കിരാതത്വം. സ്വഭാവനൈർമല്യമോ 'സന്മാർഗ്ഗബോധമോ സത്യസന്ധതയോ ഇല്ലാത്തവർ ഭരണസാരഥ്യം കൈവരിച്ചാൽ ക്രിസ്തീയനാഗരികതയുടേയും സാമൂഹ്യക്രമത്തിൻെറയും അടിത്തറതന്നെ ഇളകിപ്പോകുവാനുള്ള സാധ്യത എമ്മാത്രമാണെന്ന് ഊഹിക്കുകയാണുത്തമം. മുൻകാലങ്ങളിൽ സ്വഭാവവൈകല്യമോകൃത്യനിർവഹണത്തിലുള്ള തെററോ മുഖാന്തിരം ഉദ്യോഗസ്ഥാനത്തുനിന്ന് നിഷ്ക്കാസിതരായവർക്ക് അധികാരം കിട്ടുമ്പോൾ അത്തരക്കാർപകവീട്ടുന്നതിന് സർവ്വാത്മനാ പരിശ്രമിക്കാതിരിക്കയില്ല. കമ്മ്യൂണിസ്റ്റ് ഭരണം നമ്മുടെ നാട്ടിൽ ഉറച്ചാൽ സഭക്കും സമുദായത്തിനും നാട്ടിനും നാട്ടാർക്കും സംഭവ്യക്കുവാനിരിക്കുന്ന വിപത്തുകളെക്കുറിച്ച് എന്താണ് പറയേണ്ടതു്? ഈ വിപൽസന്ധിയിൽ നാം ഭയചകിതരാകാതെ, ധാർമ്മികതത്വങ്ങൾക്കനുസൃതമായി ഒത്തൊരുമിച്ച് പ്രവർത്തിക്കണം. സുധീരം സമരംചെയ്യണം. എന്നാൽ കമ്മ്യൂണിസ്ററ് വിരുദ്ധസമരത്തിൽ നമ്മുടെ സേനാനായികയായി നമ്മുടെ അമ്മയെതന്നെ നമുക്ക് തിരഞ്ഞെടുക്കാം.

## റഷ്യയിലും ഫാത്തിമായിലും

പുറകോട്ടു തിരിഞ്ഞുനോക്കിയാൽ നമുക്ക് കാണാം അമലോദ്ഭവ നാഥയായ നമ്മുടെ അമ്മ തൻെറ മക്കൾക്കുവേണ്ടി സമരം ചെയ്തിട്ടുണ്ടെന്ന്. 1917-ാമാണ്ടു് ഒക്ടോബർ മാസത്തിൽ മോസ്ക്കോയിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രം ഉടലെടുത്തു, ഒരു പുതിയയുഗം പ്രഖ്യാപിച്ചുകൊണ്ട്, ദൈവമോ, ഭാവിജീവിതമോ

മനുഷ്യസ്വാതന്ത്ര്യമോ, സ്ഥിരമായ വിവാഹജീവിതമോ, സ്വകാര്യഉടമയോ, ഇല്ലാത്ത ഒരു പുതിയ നാഗരികതയെ വിളംബരം ചെയ്തുകൊണ്ടു്. വിദ്യാഭ്യാസം രാഷ്ട്രസാൽകരിക്കപ്പെടുകയും ചെയ്തു അവിടെ. അതേ മാസത്തിൽതന്നെ മറിയം ഫാത്തിമായിൽ പ്രത്യക്ഷപ്പെടുകയും പ്രാർത്ഥനയ്ക്കും പരിത്യാഗത്തിനുമായി ലോകത്തെ ആഹ്വാനം ചെയ്യുതുകൂടാതെ തൻെറ വിമലഹൃദയത്തിനു് റഷ്യയെ പ്രതിഷ്ഠിക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി. അവിടുന്നു് മൂന്നാമതു് പ്രത്യക്ഷപ്പെട്ടപ്പോൾ പറഞ്ഞതു് ശ്രദ്ധേയമാണു് "എൻെറ അഭ്യർത്ഥനയ്ക്കനുസൃതമായി മനുഷ്യരാശി പ്രവർത്തിക്കുമെങ്കിൽ റഷ്യമാനസാന്തരപ്പെടും, ലോകത്തിൽ സമാധാനം ഉദിക്കും. അല്ലെങ്കിൽ ലോകം മുഴുവനും അബദ്ധസിദ്ധാന്തങ്ങൾ പ്രചരിയ്ക്കും.........എന്നിരുന്നാലും എൻെറ അമലോദ്ഭവഹൃദയം ജയിക്കും". അമ്മയുടെ ഈ വിജയത്തിൻെറ പ്രവചനം സാധിതമാകണമെങ്കിൽനാം അവിടുത്തെ ആഗ്രഹാനുസരണം ജീവിക്കണം, പ്രവർത്തിക്കണം. മറിയത്തിൻെറ മാദ്ധ്യസ്ഥശക്തിവഴിയായി റഷ്യയും മററു് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളും അനതിവിദൂരമായ ഭാവിയിൽ ദൈവത്തിലേക്കു് പ്രത്യാഗമിക്കുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

## മറിയം പോളണ്ടിൽ

"രണ്ടുഭാഗത്തുനിന്നും നമ്മൾ യൂറോപ്പിനെ ദഹിപ്പിക്കും" എന്ന വീരവാദമാണു് റഷ്യയുടെ ഭരണാധികാരം പിടിച്ചെടുത്തപ്പോൾ ലെനിൻ മുഴക്കിയതു്. ആദ്യം കിഴക്കുനിന്നാണു് പടനീക്കം ആരംഭിച്ചതു്, 1920-ലെ ഗ്രീഷ്മകാലത്താണു് കമ്യൂണിസ്റ്റ് വിപ്ലവസേനകൾവാർസോ (Warsaw) യിലേക്കു് കുതിച്ചുപാഞ്ഞതു്. പോളണ്ടു് മറിയത്തിനു് പ്രിയംകരമായ രാജ്യമായിരുന്നു. മുൻകാലങ്ങളിൽ പൊന്തിവന്നിട്ടുള്ള കത്തോലിക്കവിരുദ്ധശക്തികളെ എല്ലാം നശിപ്പിച്ചു് മറിയം പോളണ്ടിനെ സംരക്ഷിച്ചിട്ടുണ്ടു്. വാർസോയ്ക്കു് തെക്കുപടിഞ്ഞാറുള്ള ഷെസ്റ്റോചോവ (Czestochowa) എന്ന സ്ഥലത്തോടു ബന്ധപ്പെട്ടുള്ള പോളണ്ടുകാരുടെ ദൈവമാതൃഭക്തി സുപ്രസിദ്ധമത്രെ. അവിടെയുള്ള മറിയത്തിൻെറ ഒരു ചിത്രം വഴി പല അദ്ഭുതങ്ങളും സംഭവിച്ചിട്ടുണ്ടു്. 1772-ൽ റഷ്യാക്കാരും, 1793-ൽ പ്രഷ്യാക്കാരും 1813-ൽ നെപ്പോളിയൻെറ ഫ്രഞ്ചു് സൈന്യവും ഈ ചിത്രം സൂക്ഷിക്കപ്പെട്ടിരുന്ന ആശ്രമത്തെ കൈവശപ്പെടുത്തി അവിടെ പാർത്തിട്ടും പ്രസ്തുത മരിയ ചിത്രം യാതൊരു കേടുംകൂടാതെ സ്ഥിതിചെയ്തിരുന്നു. പോളണ്ടുകാരിൽ സംപ്രീതയായ മറിയം അവരെ സംരക്ഷിച്ചു. കമ്മ്യൂണിസ്റ്റ് സൈന്യങ്ങൾ വാർസോയെ വളഞ്ഞു. അന്നു് ആഗസ്റ്റ് ആറാം തീയതിയായിരുന്നു. അന്നുമുതൽ നഗരവാസികൾ മറിയത്തോടു് ഒരുനൊവേന ആരംഭിക്കുകയും തെരുവുകളിൽ കൂടി പ്രദക്ഷിണം നടത്തുകയും ചെയ്തു. ഓഗസ്റ്റ് 15-ാനു- മുറയ്ക്കു് യുദ്ധം ആരംഭിച്ചു. പോളിഷ് സൈന്യാധിപനായിരുന്ന പിൽസുസ്സ്കി (Pilsuski) തെക്കുനിന്നു് 21 റഷ്യൻ സൈന്യവിഭാഗങ്ങളെ സുധീരം ചെറുത്തു് തോല്പിച്ചോടിച്ചു. 60,000 പേർ തടവുകാരായി പിടിക്കപ്പെട്ടു. ഈ റഷ്യൻ പരാജയത്തെക്കുറിച്ചു് മാർഷൽ (Tukachevsky) പിന്നീടു് പ്രസ്താവിച്ചതു്, "അന്നു് പോളിഷ് സൈന്യത്തെ തോല്പിച്ചിരുന്നെങ്കിൽ ബോൾഷവിക്കു് ആഗോളവിപ്ലവം ഒരു യഥാർത്ഥവസ്തുതയാകുമായിരുന്നു" എന്നാണു്.

## പുതിയ ജെനറലിസിയൊ

ലെനിനു് യൂറോപ്പിൻെറ വേറൊരററവും ചുട്ടുദഹിപ്പിക്കുന്നതിനു് ഉദ്ദേശമുണ്ടായിരുന്നു. 1920 നു ശേഷം റഷ്യയിൽ പ്രത്യേകപരിശീലനം സിദ്ധിച്ച സമർത്ഥരായ കിങ്കരന്മാർ സ്പെയിനിലേക്കു് അയയ്ക്കപ്പെട്ടു. തൊഴിലാളികളെ സഭയ്ക്കും രാജാവിനും എതിരായി ഇളക്കിവിട്ടു. ഒരു പുതിയ ഭരണഘടന പ്രഖ്യാപിതവുമായി. 1936 ഫെബ്രുവരിയിൽ കമ്മ്യൂണിസ്റ്റ് പിടിയിൽ തെരഞ്ഞെടുപ്പു് നടന്നു. അതിൻെറ ഫലമോ! 13 മെത്രാന്മാരും 11,000 വൈദികരും സന്യാസികളും, 500,000 ജനങ്ങളും വധിക്കപ്പെട്ടു. അനേകം പള്ളികൾ നശിക്കപ്പെട്ടു. സ്പെയിനിലെ വിശ്വാസികൾ മറിയത്തിലേക്കു് തിരിഞ്ഞു. സരഗോസായിലെ സ്തംഭത്തിന്മേൽ വണങ്ങപ്പെടുന്ന നാഥയോടുള്ള ഭക്തി അനിതരസാധാരണമാണു്. മറിയത്തിൻെറ അമലോദ്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെടുന്നതിനു് പല നൂററാണ്ടുകൾക്കു മുമ്പേ ആ സത്യത്തിൽ ഉറച്ച വിശ്വാസമാണു് സ്പെയിൻകാർക്കുണ്ടായിരുന്നതു്. വിഷമസന്ധികളിൽ

അവർ മറിയത്തെ അഭയം ഗമിച്ചിട്ടുണ്ട്. എന്നാൽ 1936-ലെ കമ്മ്യൂണിസ്റ്റാക്രമണം അതിഭയങ്കരമായിരുന്നു. ടൊളോസോ കമ്മ്യൂണിസ്റ്റുകാരുടെ പിടിയിൽ അമർന്ന മാതാവിന് പ്രതിഷ്ഠിതമായിരുന്ന അൽക്കാസർ കോട്ടയിലേക്ക് 1100 പുരുഷന്മാരും 500 സ്ത്രീകളും ഓടിക്കൂടി റഷ്യനാഗത്തിന്റെ ആക്രമണത്തെ ചെറുക്കുന്നതിനുവേണ്ടി. അവരുടെ യാതനകൾ ഒന്നിനൊന്ന് വർദ്ധിച്ചു. പക്ഷെ ഒരു ശരണം അവർക്കുണ്ടായിരുന്നു — മറിയം. അൽക്കാസറിലെ മറിയത്തിന്റെ സ്വരൂപത്തിൻ മുൻപാകെ സ്പാനിഷ് പടയാളികൾ പ്രാർത്ഥനകൾ സമർപ്പിച്ചു. ആഗസ്റ്റുമാസത്തിൽ രാഷ്ട്രീയസേനയെ സംഘടിപ്പിച്ച ആ ധീരസേനാനി തന്റെ ഔദ്യോഗിക ചുമന്ന അരക്കെട്ട്, സെവീലിലുള്ള നമ്മുടെ അമ്മയുടെ സ്വരൂപത്തിന്റെ അരയ്ക്കുകെട്ടി നാഥയെ കത്തോലിക്കസ്പെയിനിലെ സൈന്യങ്ങളുടെ എല്ലാം "ജെനറലീസിമോ" ആയി പ്രഖ്യാപിച്ചു. പടച്ചട്ടയുടെ മീതെ മാതാവിന്റെ കാന്തരൂപം പടയാളികൾ ധരിച്ച് വീരരോടെ പൊരുതി, മൂന്നുകൊല്ലം പടവെട്ടി. ഒടുവിൽ മറിയത്തിന്റെ സൈന്യം വിജയിച്ചു. 1947-ൽ ഫ്രാൻങ്കോ വീണ്ടും ഒരു കൃതജ്ഞതാപ്രകടനം നടത്തി. വലേൻഷ്യായിലെ മാതാവിന്റെ രൂപത്തിൽ തന്റെ അരക്കെട്ട് കെട്ടി. അദ്ദേഹം തന്റെ അധികാരവടി (baston de mando) മറിയത്തിന്റെ കൈയ്യിൽ സമർപ്പിക്കയും ചെയ്തു. ഇന്നത്തെ സ്പാനിഷ് സൈന്യങ്ങളുടെ എല്ലാം "ജെനറലീസിമോ" ആയി നമ്മുടെ നാഥയെ ഉയർത്തി.

## മറിയത്തിന്റെ രാജ്യം

ഹങ്കറിയിൽ എഴുപതു ശതമാനം കത്തോലിക്കരാണുണ്ടായിരുന്നതു്. എന്നിട്ടും കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററം അവിടെയും സംഭവിച്ചു. 5000 സ്കൂളുകൾ (അവയിൽ 3000-ത്തോളം കത്തോലിക്കരുടേതായിരുന്നു) രാഷ്ട്രം പിടിച്ചെടുത്തു. അസംഖ്യം വൈദികരും, കന്യാസ്ത്രീകളും, സന്യാസികളും ജെയിലിൽ അടയ്ക്കപ്പെട്ടു. ഒടുവിൽ കമ്മ്യൂണിസ്റ്റുകാർ ഹങ്കറിയിലെ പ്രൈമററായ ജോസഫ് മിൻസേന്തി കർദ്ദിനാൾ തിരുമേനിയെ അകാരണം അറസ്റ്റു ചെയ്തു ഇരുളടഞ്ഞ ജെയിൽമുറിയിൽപാർപ്പിച്ചു, പീഡിപ്പിച്ചു, പൈശാചികമായി മർദ്ദിച്ചു. അരിവാളിനും ചുററികക്കും കീഴെ ജനതതി നിപതിച്ചു. പക്ഷെ മറിയത്തിലുള്ള ശരണം നഷ്ടീഭവിച്ചില്ല. തന്റെ പ്രിയപ്പെട്ട ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു കർദ്ദിനാൾ തിരുമേനി പറഞ്ഞതു്. "(ഹങ്കറിയിലെ ആദ്യത്തെ രാജാവായ) വി. സ്ലീഫന്റെരാജ്യം മറിയത്തിന്റെ രാജ്യമായി നില നിൽക്കുന്നതിനുവേണ്ടി വേണ്ടിവന്നാൽ നമ്മുടെ ജീവനെതന്നെ ബലികഴിക്കുന്നതിനുപോലും സന്നദ്ധരായി നമുക്ക് വ്രതമെടുക്കാം" എന്നാണ്. ഹങ്കറി ഒരു വിപ്ലവം കഴിഞ്ഞു ക്ലേശിച്ചു കഴിഞ്ഞ കൂട്ടകയാണ്. ഹങ്കറിയിലെ തെരുവീഥികളിലും, ഹങ്കേറിയൻ ജനത എവിടെ എല്ലാം കുടിയേറിപാർക്കുന്നുവോ അവിടെയൊക്കെ മറിയിത്തന്റെപടവുംവഹിച്ചു പ്രാർത്ഥനാപരമായ പ്രദക്ഷിണങ്ങൾ നടത്തുന്നതായി നമുക്കറിയാം. ഈ നല്ല അമ്മ അവരെ കൈവിടുകയില്ല നിശ്ചയം.

## വിഷമ സന്ധിയിൽ

യുഗസ്ലാവ്യയിലെ കത്തോലിക്ക ജനതയുടെ ദൈവാമാതൃഭക്തി കമ്മ്യൂണിസ്റ്റ് വാഴ്ചയ്ക്കിടയ്ക്കും പ്രോജ്ജ്വലിച്ചുകൊണ്ടാണിരിക്കുന്നതു്. അവർ ഈ കിരാതഭരണത്തിലനുഭവിയ്ക്കുന്ന യാതനകൾ നിരവധിയാണെങ്കിലും രക്തസാക്ഷികളുടെ രാജ്ഞിയായ മറിയം അവരുടെ ആലംബമായി അവർകരുതുന്നു. ടിറേറാ തന്നെ ഒരിക്കൽഇപ്രകാരം ഏററു പറയുകയുണ്ടായി. "ദൈവത്തിലും, ബിസ്റ്റ്രിസായിലെ(Bistriza) അനുഗ്രഹീതയായ മാതാവിലുള്ള യുഗോസ്ലാവ് കൃഷിവലരുടെ വിശ്വാസം വളരെ അടിയുറച്ചതാണ്. അതിനെ വടികൊണ്ടു് ഇല്ലാതാക്കുവാൻ സാധിക്കയില്ല" അതുപോലെതന്നെ ഫ്രാൻസിലും കമ്മ്യൂണിസ്റ്റുകാർ ഇഴഞ്ഞുകയറി പണിമുടക്കു വഴിയായും മററും ഗവർമ്മെന്റിനെ തകിടംമറിക്കാൻ പ്രയത്നിച്ചപ്പോൾ അവിടുത്തെ കർദ്ദിനാളന്മാരും മെത്രാപ്പോലീത്തന്മാരും കൂടി നിശ്ചയിച്ച് പ്രഖ്യാപിച്ചതു് 1949-ാമാണ്ടു് ഫ്രാൻസു്ദൈവമാതാവിന് പ്രതിഷ്ഠിക്കപ്പെട്ടമെന്നാണ്. "ലോകംമുഴുവനും മരണവേദന അനുഭവിക്കയാണ്. ഈ വിഷമസന്ധിയിൽ സഹായം ലഭിക്കുന്നതിനുവേണ്ടി സ്വർഗ്ഗസ്ഥയായ നമ്മുടെ അമ്മയുടെ നേർക്കു തിരിയാം" എന്നത്രെ അവർ പ്രസ്താവിക്കയുണ്ടായതു്.

## നേതാക്കളെ ജയിച്ചടക്കുന്നു

മറിയം കമ്മ്യൂണിസത്തിനെതിരായുള്ള വിജയം തുടരെ വരിച്ചുവരികയാണ്. കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രപട്ടക്കാരായിരുന്നവരെ തന്നെയാണ്.—ചിന്താനേതാക്കന്മാരെതന്നെയാണ് നമ്മുടെ അമ്മ തന്റെ മകന്റെ പാദാന്തികത്തിലേക്ക് ആനയിച്ചുകൊണ്ടിരിക്കുന്നത്. "Daily Worker" എന്ന കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ അധിപരായിരുന്ന ലൂയി ബ്യൂഡെൻസ് (Louis Budenz) കമ്മ്യൂണിസ്റ്റ് ചേരിയിയിൽ നിന്ന് ക്രിസ്തുവിന്റെ മുന്നണിയിലേക്ക് പ്രത്യാഗമിച്ച സംഗതി ഇതിനകം പ്രസിദ്ധമായിതീർന്നിരിക്കയാണല്ലൊ. അദ്ദേഹത്തിന്റെ മാനസാന്തരംമൂലം അമേരിക്കയിലെ കമ്മ്യൂണിസത്തിന് ഒരു വലിയ ഇടിവ് സംഭവിച്ചിട്ടുണ്ട്. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം എങ്ങനെയാണ് തിരുസഭയിലേക്ക് തന്നെ ആനയിച്ചതെന്ന് "This is my story" എന്ന തന്റെ മാനസാന്തരചരിത്രത്തിൽ സുവ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ഒരു ഏപ്രിൽ മസത്തിലെ സായാഹ്നത്തിലാണ് മാൻഹട്ടൺ ഹോട്ടലിൽവച്ച് മോൺസിഞ്ഞോർ ഫുൾട്ടൺ ഷീനെ ബ്യൂഡൻസ് കണ്ടത്. പല സംഗതികളെക്കുറിച്ചും അവർ പ്രതിപാദിച്ചു. ഭക്ഷണംകഴിഞ്ഞ് മോൺ. ഷീൻ പാത്രങ്ങൾ ഒരു വശത്തേയ്ക്കു് മാററിയിട്ട് പെട്ടെന്ന് "ഇനിയും നമുക്ക് പരിശുദ്ധകന്യക മറിയത്തെക്കുറിച്ച് സംഭാഷിക്കാം" എന്നു പറയുകയാണുണ്ടായത്. പിന്നീട്ട തനിക്കുണ്ടായ അനുഭവം ബ്യൂഡൻസ് തന്നെ പറയുന്നതു് നമുക്ക് ശ്രവിക്കാം: "വിശ്വാസസീമയ്ക്കപ്പുറത്ത് സ്ഥിതിചെയ്യുന്നവർ ഈ സംഭവത്തിൽ യാതൊരു പ്രാധാന്യവും ദർശിക്കുകയില്ലായിരിക്കാം. ആ വാക്കുകൾ കേട്ടപ്പോൾ എന്റെ ആത്മാവിൽ സംഭവിച്ചവ അവർ ഗ്രഹിക്കുകയില്ല............ഉടനടി അന്ന് ജീവിച്ചു പോന്നിരുന്ന എന്റെ ജീവിതത്തിന്റെ തിരത്ഥകത്വവും പാപപങ്കിലതയും എനിക്ക് ബോദ്ധ്യമായി. മറിയത്തിൽ നിന്ന് ഒഴികിവരുന്നസമാധാനം, ചെറുപ്പകാലത്ത് (അന്ന് ബ്യൂഡൻസ് ഒരു കത്തോലിക്കനായിരുന്നു) ഞാൻ അനുഭവിച്ചിരുന്ന സമാധാനം, എന്നെ അകമാനം ഇളക്കത്തക്ക തെളിവോടുകൂടി എന്റെ മേൽ വീണ്ടും പ്രകാശിച്ചു. "നന്മനിറഞ്ഞ മറിയമെ നിനക്ക് സ്വസ്തി" എന്ന ഗബ്രിയേൽ മാലാഖായുടെ അഭിവാദത്തിലെ പ്രാത്ഥന അല്പസമയത്തേക്ക് എന്റെ ചെവികളിൽ മുഴങ്ങി. "നന്മനിറഞ്ഞ മറിയമെ നിനക്ക് സ്വസ്തി"! കഷ്ടാരിഷ്ടത അനുഭവിക്കുന്ന ആയിരങ്ങളിൽ നിന്ന് ഈ അഭിവാദനം ഉയന്നിട്ടുണ്ട്, ആയിരങ്ങൾ അതുവഴി സമാധാനം അനുഭവിച്ചിട്ടുണ്ട്. കൂടുതൽ ജ്ഞാനമുള്ള ഞാനോ എന്നാൽ അതു് അവഗണിച്ചു കളയുന്നു!...........ഞാൻ തിരസ്കരിച്ചു കളഞ്ഞ ജീവിതത്തിന്റെ പരിശുദ്ധിയും പരിപൂർണ്ണതയും (holiness and wholeness) എന്റെ മുൻപിൽ നിരന്നുനിന്നു. മരിയഭക്തിയുടെ പരിണത ഫലമായ സമാധാനം ഇനിയും എനിക്കു അനുഭവിക്കുവാൻ സാധിക്കും എന്നെനിക്ക് തോന്നി................ എന്റെ ജീവിതത്തെ നിറച്ചിട്ടുള്ളവിവിധ സംഭവങ്ങളിൽവച്ച് മറിയത്തെക്കുറിച്ചുള്ള ഈ അനുസ്മരണമാണ് ഏററവും ആലക്തികവും ഏററം സംഭ്രമജനകവുമായി എനിക്ക് അനുഭവപ്പെട്ടതു്............ ആ ഏപ്രിൽ സായാഹ്നത്തിലെപ്പോലെ ഒരിക്കലും എന്റെ അന്തരാത്മാവ് സ്നേഹവും വണക്കവും കൊണ്ടു് നിറഞ്ഞിട്ടില്ല." ഇങ്ങനെപോകുന്നു ഒരു കമ്മ്യൂണിസ്റ്റ് നേതാവിനെ മറിയം ജയിച്ചകഥ.

## ഇംഗ്ലണ്ടിലും മററം

ഇംഗ്ലണ്ടിലെ ഒരു കമ്മ്യൂണിസ്റ്റ് നേതാവിനേയും നാഗമർദ്ദിനിയായ നമ്മുടെ അമ്മ തിരുസഭയുടെ മടിത്തടത്തിലേക്ക് കൊണ്ടുവന്നു. ഇതിനകം പത്രങ്ങളിൽനിന്നും അറിഞ്ഞിട്ടുള്ളതാണല്ലൊ ഇംഗ്ലണ്ടിലെ സുപ്രസിദ്ധ കമ്മ്യൂണിസ്റ്റ് നേതാവായ ഡഗ്ളസ് ഹൈഡിന്റെ (Douglas Hyde) മാനസാന്തരകഥ. അമേരിക്കൻ ഐക്യനാട്ടിലെ കമ്മ്യൂണിസ്റ്റ് ഉപജാപകവലയ രഹസ്യം പുറത്താക്കി അതിനെ തകത്തുകളഞ്ഞ മിസ്സ് എലിസബത്തു് ററിസെൻറ്ലി സംഭാഷണമദ്ധ്യേ ഒരിക്കൽ പറഞ്ഞതു്, റഷ്യയുടെ മാനസാന്തരം ലോകസമാധാനത്തിന് വഴി തെളിക്കുമെന്നും നമ്മുടെ നാഥ ഫാത്തിമായിലെ കുട്ടികൾ വഴി ലോകത്തിന് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പ്രായോഗികമാക്കിക്കൊണ്ടു് ഏതൊരെളിയ കത്തോലിക്കനും കമ്മ്യൂണിസവിദ്ധ്വംസനത്തിൽ വലിയ ഒരു പങ്കു വഹിക്കുവാൻ സാധിക്കുമെന്നുമാണ്.

# വിശുദ്ധ അന്നാ അമ്മ

(ഫാദർ ഗ്രഗറി, ററി. ഒ. സി. ഡി.)

"രാജാവു് ആരെ ബഹുമാനിക്കാൻ അഗ്രഹിക്കുന്നുവോ അയാരം ബഹുമാനത്തെ അർഹിക്കുന്നു."

(എസ്ഥേർ vi. 11)

വി. അന്നാ അമ്മ നമ്മുടെ ബഹുമാനത്തിനും സ്നേഹത്തിനും അർഹയാണു്. ആ അമ്മയോടുള്ള ഭക്തി നമുക്കു ഉപകാരപ്രദവുമാണു്.

1. നമ്മുടെ കത്താവിൻെറ മുന്നോടിയും ജനനത്തിനു മൂന്നുമാസം മുമ്പു തള്ളയുടെ ഉദരത്തിൽ വെച്ചുതന്നെ വിശുദ്ധീകൃതനുമായ വി. സ്നാപക യോഹന്നാൻെറ മാതാവായിത്തീർന്ന വി. എലിസബത്തിനെ ഏവരും ഭാഗ്യവതിയായിക്കരുതുന്നു. അങ്ങനെയെങ്കിൽ, നമ്മുടെ കത്താവിൻെറ ദിവ്യജനനിയും ഉത്ഭവത്തിൽതന്നെ വിശുദ്ധീകൃതയുമായ പരിശുദ്ധ കന്യകാമറിയത്തിൻെറ മാതാവായിത്തീന്ന വി. അന്നാഅമ്മയുടെ ഭാഗ്യാതിരേകത്തെപ്പററി എന്തു പറയട്ടെ!

2 അന്ന(ഹന്നാന) എന്ന പദത്തിൻെറ അത്ഥം തന്നെ അനുഗ്രഹം, കരുണ, കൃപ എന്നെല്ലാമാണു്. നമ്മുടെ വിശുദ്ധയിൽ ഇതു അന്വത്ഥമായിരിക്കുന്നു. നിത്യത്വത്തിൽ മുൻകൂട്ടി കണ്ടുവെയ്ക്കപ്പെട്ടിരുന്ന ഒരു തെരഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു അവരം. ദൈവത്തിൻെറ ജനനിയുടെ മാതാവാകുവാൻ യോഗ്യയാകത്തക്കവണ്ണം അവരം അത്രയും പരിശുദ്ധയായിരുന്നു. പിന്നീടാകട്ടെ, പ്രസാദവരത്തിൻെറ മാതാവായ പരി. കന്യകാമറിയവുമായുള്ള അടുപ്പം നിമിത്തം അവരം അനുനിമിഷം പ്രസാദവരത്തിൽ വളർന്നിരുന്നുവെന്നു നിസ്സംശയം പറയാം.

3. വി. അന്നാമ്മയുടെ നേക്കുള്ള ഭക്തി മിശിഹായ്ക്കും തൻെറ ദിവ്യജനനിക്കും പ്രിയംകരവും, മാർപ്പാപ്പാമാർ പ്രോത്സാഹിപ്പിക്കുന്നതും, വി. ജെറോം, വി. ദമഷേൻ, വി. അഗസ്റ്റിൻ, വി. തോമസു് അക്വീനസു്, വി. അമ്മത്രേസ്യാ ആദിയായ അനേക മഹാവിശുദ്ധരും വിഖ്യാതരായ മഹാത്മാക്കളും വളരെക്കാര്യമായി ഗണിക്കുന്നതുമാണു്.

സ്വന്ത മാതാവിനേയോ മാതാമഹിയേയോ ആരെങ്കിലും ബഹുമാനിച്ചാദരിക്കുന്നുവെന്നു കാണുന്നതു ആക്കും ഇഷ്ടമുള്ളതായിരിക്കെ, ഈ ഭക്തി മിശിഹായ്ക്കും തൻെറ ദിവ്യ ജനനിക്കും പ്രിയംകരമാണെന്നു പറയണമല്ലൊ.

---

അതുകൊണ്ടു്, നമുക്കു് കമ്മ്യൂണിസത്തിനെതിരായ നമ്മുടെ സമരത്തിൽ, മറിയത്തെ അഭയം പ്രാപിക്കാം. നമ്മുടെ സേനാനായികയായി അവിടത്തെ നമുക്കു് തിരിഞ്ഞെടുക്കാം. പാവനസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ. "പരിശുദ്ധകന്യകാ മറിയം ക്രിസ്തീയ രാജ്യങ്ങളിൽനിന്നു് അൽബിജെൻസ്യരുടെ ഭീകര വർഗ്ഗത്തെ വിജയപൂർവ്വം തുരത്തിയിട്ടുണ്ടു്. ഇപ്പോരം നാം ഈ നാഥയോടു് പ്രാത്ഥിക്കുന്നെങ്കിൽ പുതിയ അബദ്ധങ്ങളെ പ്രത്യേകിച്ചു് കമ്മ ണിസത്തിൻേറതു് അവരം തുടച്ചുനീക്കും ............ കരിശുയുദ്ധകാലത്തു് യൂറോപ്പുമുഴുവനും ജനങ്ങളെല്ലാം ഒരേ ഒരു സ്വരം, ഒരേ ഒരു പ്രാത്ഥനയാണു് ഉയത്തിയിരുന്നതു്. അതുപോലെ ഇന്നു്, ലോകം മുഴുവനിലും, പട്ടണങ്ങളിലും, ഏററവും ചെറിയ ഗ്രമാങ്ങളിലും ധൈര്യത്തോടും ശക്തിയോടും, സുസ്ഥിരമായ നിർബ്ബന്ധത്തോടുംകൂടി ജനങ്ങരം ദൈവത്തിൻെറ മഹാമാതാവിനോടു് പ്രാത്ഥിക്കുമെങ്കിൽ, ക്രിസ്തീയവും മാനുഷികവുമായ നാഗരികതയുടെ ശത്രുക്കരം പരാജിതരാകും. യഥാത്ഥമായ സമാധാനം, വിവശരും അപഥസഞ്ചാരികളുമായ മനുഷ്യരുടെ മേൽ പ്രകാശിക്കുകയും ചെയ്യും".

---

# “നന്മനിറഞ്ഞ മറിയം” പ്രാർത്ഥന— IV

## “നിന്റെ ഉദരഫലം അനുഗ്രഹീതമാണ്”

(ഏണേക്കാട്ട് യൗസേപ്പുകത്തനാർ)

പരിശുദ്ധാരൂപിയാൽ സംപൂർണ്ണയായ വിശുദ്ധ എലീശ്വാ തന്റെ ചാർച്ചക്കാരി (cousin) മറിയത്തെ അഭിവാദനം ചെയ്തപ്പോൾ ഒടുവിൽ പറഞ്ഞ വാക്യമാണല്ലോ ഇതു്. മറിയംതന്നെ അനുഗ്രഹീതയായതിന്റെ കാരണം തന്റെഉദരഫലം അനുഗ്രഹീതമായിരുന്നതാണു്. അതിനാൽ ഈ വാക്യത്തിനാണു് പ്രാധാന്യം നൽകേണ്ടതു്. ഈ ഉദരഫലം, പഴയ വാഗ്ദത്തപെട്ടകം—സജീവ മന്നാ, നിത്യായുസ്സ് നൽകുന്ന അപ്പം തന്നെയാകുന്നു. ഇതിനെ ഭക്ഷിക്കുന്നവൻ മരിക്കയില്ല. മറിയത്തിന്റെ നിർമ്മലശരീരമാകുന്ന ധവളദുകൂലത്താൽ അതു ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. അവളുടെ അകളങ്ക മാംസരക്തങ്ങളാൽ ഉരുവാക്കപ്പെട്ട ദൈവപുത്രൻ വഴിയാണു് മറിയത്തിനു അനുഗ്രഹസിദ്ധി കൈവന്നതും. ദൈവമാതൃത്വം മറിയത്തിന്റെ മഹിമകൾക്കു് അടിസ്ഥാനമാകുന്നു. ഈ രഹസ്യങ്ങളൊക്കെ എലിസബത്തു് ദൈവികാവിഷ്കരണത്താൽ മുഴുവനും നന്നായിഗ്രഹിച്ചു. ഗബ്രിയേൽ വഴി മറിയത്തിനു ലഭിച്ച ദൗത്യം താൻ

---

“മറിയത്തിന്റെ മാതാവിനെ നാം എത്രകണ്ടു സ്നേഹിക്കുന്നുവോ, അത്രകണ്ടു ദൈവത്തിന്റെ ഏകജാതനായ മിശിഹായുടെ മാതാവായ പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥത്തിനു നാം പാത്രവാന്മാരാകുന്നു.” എന്നാണു് 15-ാം ഗ്രിഗോരിയോസ്സ് മാർപ്പാപ്പാ പറയുന്നതു്.

കർമ്മലസഭയെ കാലോചിതമായും സമർത്ഥമായും പരിഷ്കരിച്ച മഹാവിശുദ്ധയാണല്ലോ അമ്മത്രേസ്യാ പുണ്യവതി. അവൾപറയുന്നു: “നമ്മുടെ നല്ല അമ്മയായി വി. അന്നാഅമ്മ നമ്മുടെ സകല ആവശ്യങ്ങളിലും ആപത്തുകളിലും പരീക്ഷകളിലും നമ്മെ സഹായിക്കുമെന്നു എനിക്കു ഉറപ്പുണ്ടു്. ഈ വാസ്തവം നമുക്കു അറിയുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ, അവൾ നമുക്കുവേണ്ടി എന്തെല്ലാം ആവശ്യപ്പെടുന്നുവോ, അതനുസരിച്ചു താൻ സ്വർഗ്ഗത്തിൽ പ്രവർത്തിക്കുമെന്നു നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു”. ഈ മഹാവിശുദ്ധ തന്റെ സഭയിലെ ആശ്രമങ്ങളിലെല്ലാം ഈ ഭക്തമുറ ഏർപ്പെടുത്തുന്നതിനു യത്നിക്കുകയും, ഏവരെയും ഈ ഭക്തിയിലേക്കു ആകർഷിക്കുന്നതിനു അക്ഷീണം പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടെന്നു് പണ്ഡിതയായ ആ വിശുദ്ധയുടെ ചരിത്രം ആരായുന്നപക്ഷം ഗ്രഹിക്കാൻ കഴിയും.

4. വി. അന്നാഅമ്മ എല്ലാത്തരക്കാരുടേയും ഒരു പൊതു മദ്ധ്യസ്ഥയാണു്. അവൾ ദുഃഖിതരുടെ ആശ്വാസവും ദരിദ്രരുടെ മാതാവും, ആതുരരുടെ സുഖദായികയും, സന്താനരഹിതരുടെ തുണയും, ഗർഭിണികളുടെ സഹായവും, മാതാക്കളുടെ മാതൃകയും, കന്യകകളുടെ സംരക്ഷകയും, മരണാസന്നരുടെ ആലംബവുമാകുന്നു. ഇവയെ ദൃഢീകരിക്കുമാറു് അവളുടെ മാദ്ധ്യസ്ഥംമൂലം ലോകത്തിന്റെ നാനാഭാഗത്തും ഇന്നും നടന്നുകൊണ്ടിരിക്കുന്ന അത്ഭുതങ്ങൾ നിരവധിയാണു്.

ആകയാൽ, ദൈവജനനിയുടെ മാതാവും ലോകരക്ഷകന്റെ മാതാമഹിയുമായ വി. അന്നാഅമ്മയെ നാമും പ്രത്യേകവിധം സ്നേഹിച്ചുബഹുമാനിക്കുകയും, മനോവിശ്വാസത്തോടെ അവളുടെ മാദ്ധ്യസ്ഥം തേടുകയും ചെയ്യേണ്ടിയിരിക്കുന്നു.

വി. അന്നാഅമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. (*) (തിരുനാൾ ജൂലൈ 26-ാംനു-).

---

* വി. അന്നാഅമ്മയെപ്പററി കൂടുതൽ അറിയണമെന്നാഗ്രഹിക്കുന്നവർ, മാന്നാനം സെൻറ ജോസഫ്സ് പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ‘വി. അന്നാഅമ്മ’ എന്ന ചെറുപുസ്തകം വാങ്ങിവായിക്കുന്നതു നന്നായിരിക്കും.

വില 3 ണ മാത്രം.

എലിസബത്തിനോടു വെളിപ്പെടുത്തിയില്ല. എങ്കിലും അവരം വിശദമായി മനസ്സിലാക്കിയിരുന്നു. വചനം മാംസമായിട്ടു ഏഴെട്ടുദിവസത്തിനുശേഷമാണു ഈ സന്ദർശനം. അതിൽ നാലു ദിവസത്തോളം യാത്രയിലായിരുന്നു. മറിയത്തിൻെറ ഉദരഫലം (ക്രിസ്റ്റു) മാത്രമാണ് യഥാർത്ഥത്തിൽ അനുഗ്രഹീതം. അതിൻെറ പ്രസരണമെ മറിയത്തിലുള്ളു;സുഗന്ധം ഉൾക്കൊള്ളുന്ന വെറം പാത്രം. "നിൻെറ ഉദരഫലത്തെ ഞാൻ നിൻെറ സിംഹാസനത്തിന്മേൽ ഇരുത്തും." (സങ്കീ.). വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മിശിഹാ, ദാവീദിൻെറ പുത്രൻ, വാഴ്ത്തപ്പെട്ടവനാകുന്ന, അതായതു മറിയത്തിൻെറ ഉദരഫലം. ഏദൻതോട്ടത്തിൻെറ മദ്ധ്യസ്ഥാനത്തുണ്ടായിരുന്ന ജീവൻെറ വൃക്ഷത്തിൽ നിന്നൽഭൂതമായ ഫലം ഭക്ഷിച്ചു മനുഷ്യകുലം മുഴുവൻ നാശത്തിലായി. സ്വർഗ്ഗീയ പറുദിസായിലെ നടുനായികയായ സജീവ വൃക്ഷം കന്യക മറിയമാണ്. അവളുടെ ഉദരത്തിൻെറ ആ വാഴ്ത്തപ്പെട്ട ഫലം ഭക്ഷിച്ചു എവരും പാപവിമുക്തരാകേണ്ടിയിരിക്കുന്നു. ഈ ഫലം വിനിതരെ ഉന്നതരാക്കുന്നു; ദീനക്കാരെ സുഖപ്പെടുത്തുന്നു; ദരിദ്രരെ സമ്പന്നരാക്കുന്നു; മൃതരെ ഉയിർപ്പിക്കുന്നു; മനുഷ്യരെ ദൈവങ്ങളാക്കുന്നു; ഭൂമിയെ സ്വർഗ്ഗമാക്കുന്നു. മറിയത്തിൻെറ ഉദരഫലത്തിനല്ലാതെ ഇതൊന്നും സാദ്ധ്യമല്ല. ആ ഫലം വാഴ്ത്തപ്പെട്ടതാണ്.

അന്ന്യൂനമായ ഈ പരമസത്യം എലിസബത്തു് വെറുതെ അങ്ങനെ പ്രസ്താവിച്ചതല്ല. മറിയത്തെനോക്കി സകല ലോകജിവികളോടും, അല്ല, സ്വർഗ്ഗീയ നിവാസികളോടും എവരും കേൾക്കാൻ—അറിവാൻ വേണ്ടി "ഉച്ചസ്വരത്തിൽ നിലവിളിച്ചു പറഞ്ഞു." (സുവിശേഷം)."She cried with a loud voice, said." സുവിശേഷകൻെറ ഈ വിശേഷണം എത്രമാത്രം അർത്ഥഗർഭമല്ല? "ഉച്ചസ്വരത്തിൽ നിലവിളിച്ചു പറഞ്ഞതു" കേൾക്കാത്തവരും, കേട്ടാലും ഗ്രഹിക്കാത്തവരും, സംഖ്യാതീതമല്ലയോ? കാതുള്ളവർ ശ്രവിക്കട്ടെ, മറിയത്തിൻെറ ഉദരഫലം അനുഗ്രഹിക്കപ്പെട്ടതാണ്. അതിനാൽതന്നെ മറിയവും ദൈവത്താലും മാലാകാമാരാലും മനുഷ്യരാലും അനുഗ്രഹീതയായിത്തീരുന്നു. സാധാരണ "ഫല"ത്തോളം മേന്മ ഒരു വൃക്ഷത്തിനുണ്ടാകുന്നില്ല. തേങ്ങയോളം, മാമ്പഴത്തോളം, "ഗുണം" തെങ്ങിനും മാവിനുമില്ല. അവയെ "പ്രസവിക്കുന്നതു"കൊണ്ടു ഈ വൃക്ഷങ്ങളെ ബഹുമാനിക്കുന്നു. ഇതു പ്രകൃതിയുടെ ഒരു പാഠമാണ്— എവക്കുമറിയാം. രൂപാന്തരത്തിൽ ഈ തത്വംതന്നെ ഇവിടെയും കാണാം. വാഴ്ത്തപ്പെട്ട "ഫലം" പുറപ്പെടുവിച്ചു മറിയവും വാഴ്ത്തപ്പെട്ടവളായി. "നിന്നെ വഹിച്ച ഉദരം വാഴ്ത്തപ്പെട്ടതാകുന്നു." (സുവി.).

"ഈശോ" എന്ന തിരുനാമം പിന്നീട് തിരുസ്സഭ കൂട്ടിച്ചേർത്തതാണ്. എലിസബത്തു പറഞ്ഞതല്ല. പതിമ്മൂന്നാം ശതകത്തിൽ 4-ാമത്തെ ഉർബൻ മാർപ്പാപ്പായാണു ഈ നാമം "നന്മനിറഞ്ഞ മറിയ"ത്തിൽ ഉൾപ്പെടുത്തുകയും അനന്തരം ജോൺ XXII-ാമൻ പൂർണ്ണമായി സ്ഥിരപ്പെടുത്തുകയും ചെയ്തു എന്നു പറയപ്പെടുന്നു. മലയാളത്തിൽ "നന്മനിറഞ്ഞ മറിയം" ആദ്യഭാഗം അവസാനിക്കുന്നതു് "....വാഴ്ത്തപ്പെട്ടവനാകുന്നു" എന്നാണല്ലൊ. ഇംഗ്ലീഷു, ലത്തീൻ, സുറിയാനി മുതലായ ഇതരഭാഷകളിൽ ഇപ്പോൾ "ഈശോ" എന്ന നാമമാണ് അവസാനപദം. മുൻകാലങ്ങളിൽ "ഈശോമിശിഹാ" എന്നും ഒരു കാലഘട്ടത്തിൽ "ഈശോമ്ശിഹാ ആമ്മേൻ" എന്നും നടപ്പിലിരുന്നു. ഈശോ=രക്ഷകൻ, മ്ശിഹാ=അഭിഷിക്തൻ, ആമ്മേൻ=അങ്ങനെയാകട്ടെ, എന്നാണു ഈ വാക്കുകളുടെ അർത്ഥം. ഇക്കാലത്തു മ്ശിഹാ, ആമ്മേൻ, പദങ്ങൾ മാററപ്പെട്ടിരിക്കുന്നു.

മറിയത്തിൻെറ "ഉദരഫലം" ഈശോ, അഥവാ, ഈശോമ്ശിഹാതന്നെയാകയാൽ അതേസ്പർശിച്ചു മുകളിൽ പറഞ്ഞതു, മുഴുവനും ഈശോയുടേതുതന്നെയാണ്. ഈശോ ആരാണ്? മറിയത്തിൻെറ ഉദരഫലം; സർവലോകസ്രാഷ്ടാവായ നിത്യപിതാവിൻെറ ഏക പുത്രൻ; തൻെറ വചനം; ആദ്യന്തവിഹീനൻ; ദൈവമനുഷ്യൻ; രാജാവും ആചാര്യനുമായി അഭിഷേകം ചെയ്യപ്പെട്ടവൻ; നരകുലോദ്ധാരകൻ; പരിശുദ്ധപരമത്രിത്വത്തിൻെറ രണ്ടാമത്തെ ആൾ; ഇപ്പോൾ നമ്മളോടുകൂടി വസിപ്പാൻ വന്നിരിക്കുന്നവൻ. ഗബ്രിയേലിൻെറ നിവ്ചനം കണ്ടാലും. മറിയത്തോടു പറകയാണ്:—"നിനക്കു ദൈവത്തിൻെറ അടുക്കൽനിന്നും കൃപ ലഭിച്ചിരിക്കുന്നു. ഇതാ! നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; അവനു

ഈശോ എന്നു നീ പേർ വിളിക്കണം. അവൻ വലിയവൻ ആയിരിക്കും. അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും. അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവു അവനുകൊടുക്കും. യാക്കോബിൻെറ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവൻെറ രാജ്യത്തിനു് അതിർത്തിയുണ്ടാകുകയുമില്ല.'' (സുവി.).

ലോകചരിത്രത്തിൽ, പ്രസിദ്ധിയേറിയ രണവീരന്മാർ, ചക്രവർത്തികൾ, രാജ്യതന്ത്രപടുക്കൾ, കലാകാരന്മാർ, കവിപ്രവരന്മാർ, ധനസമൃദ്ധന്മാർ, ആദിയായ മഹാന്മാർ ഉണ്ടായിരുന്നതായും ഒരുപക്ഷേ ഇപ്പോഴും ഉള്ളതായും കാണാം. സ്വർഗ്ഗീയസാമ്രാജ്യത്തിൽ കോടാനുകോടി മാലാകാമാർ, സംഖ്യാതീതം മററു പുണ്യാത്മാക്കൾ,അതിലുപരി ഇവരുടെ നാഥയും രാജ്ഞിയുമായ മറിയംതന്നെയും ദൈവദർശനത്തോടെ സൗഭാഗ്യസമന്വിതം നിത്യം വാണരുളുന്നതായി നമുക്കറിയാം. ഇവരാകെ ഏകീഭവിച്ചാലും ഈ വാഴ്ത്തപ്പെട്ട നാമധാരിയുടെമുമ്പാകെ നട്ടുച്ചയ്ക്കുള്ള ചെറുതിരി, കടലിലെ ഒരു ജലബിന്ദു, കണക്കായിട്ടു പോലും വിലപ്പോകുമോ? അവരിൽ ആരുടെയെങ്കിലും നാമശ്രവണത്താൽ എവിടെ,ആരുടെ,മുട്ടുമടങ്ങും? പ്രത്യുത, ഈശോയുടെ നാമധ്വനിമാത്രത്താൽ ആകാശത്തിലും ഭൂമിയിലും പാതാളത്തിലും ഉള്ള ഏവരുടേയും കാൽമുട്ടുകൾ മടക്കി തന്നെ വണങ്ങി ആരാധിക്കുന്നു. ശത്രുക്കൾ ഭയപ്പെടും. പിശാചുക്കൾ ഓടും. സന്മനസ്സുള്ളവരിൽ ആ നാമം നാവിനു മധുരിമയും ശ്രവണത്തിനു ആനന്ദവും, ഹൃദയത്തിനു് സമാധാനവും സമൃദ്ധിയായി നൽകുന്നു. ആകമാനം അനുഗ്രഹചൈതന്യത്താൽ കുളർപ്പിക്കും. സുരഭിലകുസുമശ്രേണികൾക്കുള്ള വിശിഷ്ടവാസനയും സൂര്യചന്ദ്രനക്ഷത്രാദികൾക്കുള്ള പ്രസന്നശോഭയും മാത്രമല്ല സത്യവും നന്മയുമായി ബുദ്ധിയിലും മനസ്സിലുമുദിക്കുന്ന സകലതും ഈ തിരുനാമത്തിൽ നിന്നുള്ള വെറും സ്ഫുരണങ്ങൾ മാത്രമാകുന്നു. തൻെറ രാജാധികാരവും മഹിമപ്രതാപവും രാജ്യവിസ്തീർണ്ണതയും ദൃശ്യാദൃശ്യപരിധിയും കവിഞ്ഞു് അനന്തതയിൽ വ്യാപിക്കുന്നു. അവൻ ''വലിയവനാകുന്നു,''നാമം സാർത്ഥകംതന്നെ. എല്ലാം അവനിലും അവൻെറ രാജ്യത്തിലും ഉൾപ്പെട്ടിരിക്കുന്നു. സ്നേഹവും സന്തുഷ്ടിയും കരുണയും ശരണവും പരിശുദ്ധിയും സൗന്ദര്യവും സമാധാനവും അനുഗ്രഹവും ശക്തിയും ഭക്തിയും സത്യവും നീതിയും ഈ ഭണ്ഡാകാരത്തിൽ—തിരുനാമത്തിൽ— യഥാർത്ഥമായി സർവ്വദാ നിറഞ്ഞിരിക്കുന്നു. വ്യോമകടാഹത്തിൽ, സൗരയൂഥത്തിൽ, അതിനപ്പുറമേയും, ഉള്ള താരാവലിയുടേയും ഭൂമിയിലെ മണൽത്തരികളുടെയും മഹാസമുദ്രത്തിലെ നീർത്തുള്ളികളുടെയും എണ്ണവും വണ്ണവും പൊരുളും പെരുമയും സ്ഥിതിയും ഗുണവും അവൻെറ കൈതലത്തിൽ ആകമാനം പുലരുന്നു—അതും എത്രയും ക്ലിപ്തമായി.

നിത്യപിതാവായ ദൈവം അനാദിയിലെ ജനിപ്പിച്ചവനാണു് ഈശോ. എല്ലാ നാമത്തേക്കാൾ വലുതായ നാമം അവനു കൊടുത്തു. അവൻ "തൻെറ പ്രിയപ്പെട്ട പുത്രനു''ണെന്നു പ്രഖ്യാപിച്ചു. സകല അനുഗ്രഹങ്ങളാലും മഹിമയാലും സംപൂർണ്ണനാക്കി തൻെറ വലത്തുഭാഗം അവനെ ഇരുത്തിയിരിക്കുന്നു. അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടവിധം വീതിച്ചുകൊടുപ്പാൻ അനുഗ്രഹഭണ്ഡാരം അവനെ സ്വാതന്ത്ര്യമായി ഏല്പിച്ചിരിക്കുന്നു. തന്നാത്തന്നെ അവർ വിനീതനാക്കി, കുരിശുമരണംവരെ അനുസരണയോടെ വർത്തിച്ചു് ആ ഭണ്ഡാരം സമ്പാദിച്ചു് സ്വായത്തമാക്കിയതാണു്. സ്വർഗ്ഗത്തിൽ മാലാകാമാരും പുണ്യാത്മാക്കളും അനവരതം അവനെ വാഴ്ത്തുന്നതുപോലെ ഭൂമിയിലെ സകല മനുഷ്യരും ചെയ്‌വാൻ അവനർഹതയുണ്ടു്. അതും എന്നും, എല്ലാപ്പോഴും, രാവും പകലും. എന്തെന്നാൽ ''സമയം'' അവൻെറ ദാനമാണു്. സന്തോഷത്തിലും സന്താപത്തിലും എല്ലാ സ്ഥിതിയിലും നമ്മുടെ എല്ലാ സ്തുതിഗീതങ്ങൾക്കും അവൻ പാത്രമായിരിക്കുന്നു അതു നമ്മുടെ കടമയുമാകുന്നു. എന്നാൽ അതു വേണ്ടവിധം യോഗ്യതയോടുകൂടി ചെയ്‌വാൻ നമ്മൾ കേവലം അശക്തരാണു്. മറിയത്തിനു അതിനുതക്ക പ്രാപ്തിയുണ്ടു്. അവൾ നമ്മുടെ പോരായ്മയെ പരിഹരിക്കും. മറിയമെ, നിൻെറ ഉദരഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു.

# സ്നേഹാഗ്നിച്ചൂളയിൽ

(എസ്. പി. കാച്ചപ്പള്ളി, ആലുവാ)

(ഗാഥ)



ഗാഥാകൃത്ത്.

പാപാന്ധകാരസമാവൃതമാംലോകം,
താപത്താലാശ്വാസശോഭകാണ്മാൻ,
ആത്മാർത്ഥമായാശിച്ചീടുകിൽ, തേടുക,
ആത്മനാഥൻെറ സ്നേഹഹൃത്തടം.

ചിന്തിക്കു! മർത്ത്യാ! നീ, യെത്രയഗാധമായ്
സന്തതം സ്നേഹിച്ചു, സ്നേഹമൂർത്തി.
കാരുണ്യമാറുപോലെ പ്രവഹിക്കുന്നു;
ആരാദ്ധ്യമായൊരാഹൃത്തിൽനിന്നു്.

ക്രിസ്തുവിൻ ജീവിതരംഗങ്ങളോരോന്നും,
നിസ്തുലസ്നേഹത്തിൻ സാരമല്ലോ.
കഷ്ടതാമർത്ത്യനായ്, നിന്ദാപമാനിത-
നിഷ്ഠുരമൃത്യുവെ കൈവരിപ്പാൻ,
ലോകാന്തപര്യന്തം മാനവമദ്ധ്യത്തിൽ
നാകാധിനാഥൻ വസിച്ചീടുവാൻ,
ആശിച്ചുകല്പിച്ചതുളിയതിൻഹേതു,
നാശവിഹീനമാം സ്നേഹമല്ലോ.

സ്നേഹമതൊന്നിൻെറ പ്രത്യക്ഷലക്ഷ്യമായ്,
സ്നേഹക്രൂദാശയിൽ, മാംസരക്തം,
കാരുണ്യമോടീശൻ, നൽകി, ദേവാലയ-
കാരാഗാരസ്വർണ്ണപേടകത്തിൽ,
നിത്യവും പള്ളികൊണ്ടാഹ്വാനംചെയ്യുന്നു,
സത്യസ്വരൂപനാം സ്നേഹനാഥൻ.
"അദ്ധ്വാനപീഡിതർ, ഭാരംവഹിപ്പോരു-
മെത്തുവിനാശ്വാസമേകിടാം, ഞാൻ."

സ്നേഹസമാവൃതമായതാമീ, ക്ഷണം,
ഊഹിപ്പിൻ! ലൌകായതികന്മാരേ!
നശ്വരലോകം നൽകീടും, ക്ഷണികമാ-
മാശ്വാസംതേടി വലഞ്ഞിടേണ്ട;

സന്ദേഹിക്കേണ്ടൊട്ടും; മാനവാ! നീ, നിൻെറ,
സ്വന്തലൌകീകരാം സ്നേഹിതന്മാർ,
നിത്യവും നിന്നെ സംരക്ഷിച്ചമരുന്ന,
സ്തുത്യരാണെന്നും നിയോർത്തിടേണ്ട.
നിന്നുടെ സ്നേഹം നിക്ഷേപിക്കേണ്ട, തെല്ലും;
മിന്നുന്ന"മിന്നാംമിനുങ്ങാ"ണവ.

സത്യവും നീതിയും ലോകത്തിനേകിയ,
ക്രിസ്തുഹൃദയമോ, സ്നേഹാർണ്ണവം!
നാകപ്രഭവിശ്രുമാദിവ്യഹൃദയം,
പാകമാം കാരുണ്യസത്തുതന്നെ.

ലോകശാന്തിയെകൈവരുത്തീടുവാ-
നാകാംക്ഷയോടെ കൊതിപ്പവരേ!
നിത്യമാരാധിക്ക; ദിവ്യമാംഹൃത്തടം;
നിത്യംസേവിക്കുക; രക്ഷനേടാം.
കാരുണ്യ"സ്നേഹാഗ്നിച്ചൂളയിൽ"ഹോമിയ്ക്കൂ;
ഭൂരിമോദം തവഭാവുകങ്ങൾ.

ഏകാങ്കം

# സ്വപ്നമേ! സ്വപ്നം

(സാഹിത്യതിലകൻ സി. കെ. മററം)

(ആസ്പദം, നടപടി)

## രംഗം ഒന്ന്.

(കേസറിയായിലെ സാമാന്യം ഭേദപ്പെട്ട ഒരു ബംഗ്ലാവു്. റോമൻ ശതാധിപൻെറ മുറി—മേശ, കസേര റോമൻ ചക്രവത്തിയുടെ പടം ഭിത്തിയിൽ, മദ്ധ്യവയസ്കനായ കൊർണ്ണേലിയസ് മുട്ടിന്മേൽനിന്നു ധ്യാനിക്കുന്നു. സമയം ഉച്ചകഴിഞ്ഞു മൂന്നുമണി. പെട്ടെന്നു ഒരു ഫ്ളാഷ്ലൈററ്. മുറിയാകെ ദീപ്തിമത്തു്. പെട്ടെന്നു ഒരു ദേവദൂതൻപ്രത്യക്ഷനാകുന്നു—കൊർണേലിയസ് ഭീതനും.)

ദേവദൂതൻ

"കൊർണ്ണേലിയസ്സേ, ഭയപ്പെടേണ്ടാ."

കൊർണ്ണേ:—"നാഥാ! രക്ഷിക്കണെ!"

ദേവ. ദൂ:—"നിൻെറ പ്രാത്ഥനകൾ ദേവസമക്ഷം അനുസ്മൃതങ്ങളാണു. നിൻെറ ദാനധമ്മങ്ങളും തിരുവടിയ്ക്കു പ്രീതങ്ങളായിത്തീന്നിരിയ്ക്കുന്നു".

കൊർണ്ണേ:—"ഈശ്വരസ്തോത്രം".

ദേ. ദൂ:—"നീ ഉടനെ ജോപ്പായിലേയ്ക്കു ആളയക്കണം. ആ കടൽത്തീരത്തു് ഒരു ചെരുപ്പുകുത്തിയോടുകൂടി സൈമൺപീററർ താമസിക്കുന്നുണ്ടു്. അദ്ദേഹത്തെ ഇവിടെവരുത്തുക".

(ഫ്ളാഷ്ലൈററു തീന്നു, ദേവദൂതനും മറഞ്ഞു)

കൊർണ്ണേലിയസ്, ആത്മഗതം.

"ഇതിൻെറയെല്ലാം അർത്ഥമെന്തു്? ധവളവസ്ത്രമണിഞ്ഞ അത്യുന്നതനായ ഒരു മനുഷ്യനെയല്ലേ ഞാനിപ്പോൾ കണ്ടതു്? എത്രയോ നല്ലവൻ. പക്ഷെ യാത്രപോലും പറയാതെ അങ്ങുപോയ്ക്കളഞ്ഞല്ലോ! ജോപ്പായ്ക്കു ആളയക്കണംപോലും! എന്തിനു? ഏതായാലും ദേവാജ്ഞയല്ലേ? അനുസരിക്കുകതന്നെ".

(കർട്ടൻ)

## രംഗം രണ്ടു്.

(കടൽത്തീരത്തു് ഒരു വീടു്. തുകലുകൾകൊണ്ടു നിറഞ്ഞിരിക്കുന്ന മുറി. തുകലുറയ്ക്കിടാനുള്ള സാമഗ്രികളുമുണ്ടു്. ഗൃഹനാഥനായ സൈമൺ തുകലുകൊണ്ടെന്തോ പണിയുന്നു. സമയം കാലത്തു ഒമ്പതുമണി. സൈമൺപീററർ പ്രവേശിച്ചുകൊണ്ടു പറയുന്നു:—

"സൈമാ, എനിയ്ക്കു നന്നായി വിശക്കുന്നുണ്ടു്. ആഹാരം വേഗം കാലമാക്കാൻ പറയു. അതിനിടയ്ക്കു ഞാൻ മുകളിൽ പോയി പ്രാത്ഥിക്കട്ടെ".

സൈമൺ:—"അങ്ങേയ്ക്കു എപ്പോഴും പ്രാത്ഥന തന്നെ. ഇങ്ങനെയുമുണ്ടോ ഒരു പ്രാത്ഥന. ഏതെങ്കിലുമാകട്ടെ! ഞാനങ്ങു മാറിത്തരാം. ദാ! ഇവിടിരുന്നുകൊണ്ടുതന്നെ പ്രാത്ഥിച്ചുകൊള്ളുക".

[സൈമൺ ഇറങ്ങി മാറുന്നു. സൈമൺപത്രോസ് പ്രാത്ഥന ആരംഭിയ്ക്കുന്നു. ഉടനെ ഫ്ളാഷ്ലൈററിൻെറ പ്രകാശം പ്രസരിയ്ക്കുന്നു. പത്രോസ് ഭയന്നു വിറയ്ക്കുന്നു.]

പത്രോസ്:—"എൻെറ നാഥാ! ക്രിസ്തോ! ഞാനെന്താണീ കാണുന്നതു്? സ്വപ്നമല്ലേ? സ്വപ്നം!—എന്താണിയറങ്ങിവരുന്നതു മുകളിൽനിന്നു? ഒരു വലയോ! അതിനുള്ളിൽ കാണുന്നതോ? എന്തു്? ആടുകളും, കോലാടുകളും, കാളകളും, കഴുതകളും, മൈലുകളും, മൈനാകളും, കരടികളും, സിംഹങ്ങളും, മുതലകളും, ചീങ്കണ്ണികളും, മാനുകളും കലമാനുകളും, പന്നിയും പട്ടിയും—എല്ലാം എല്ലാം ഓടിനടക്കുന്നല്ലോ ഈ വലയിൽ. —എന്തൊരു കാഴ്ച, എൻെറ ദൈവമെ! എല്ലാം ആകാശത്തുകൂടി ഇതാ ഭൂമിയിലേയ്ക്കു ഇറങ്ങിവരുന്നു. എൻെറ സമീപത്തായി! ഞാനെന്തുചെയ്യും?—കഷ്ടം! പന്നിയാണടുത്തുവരുന്നതു, ശ്ലേഛം! ശ്ലേഛം!

ആകാശവാണി:—"പത്രോസെ, എഴുന്നേൽക്കുക. നിനക്കിഷ്ടമുള്ള മൃഗത്തെ കൊന്നു തിന്നുക".

പത്രോസ്:—"നാഥാ! അങ്ങനെ കല്പിക്കരുതേ! മ്ലേച്ഛമായതൊന്നും ഞാൻ തിന്നിട്ടില്ല; തിന്നുകയു മില്ല".

ആകാശവാണി:—"ദൈവം ശുദ്ധിയാക്കിയതു, മ്ലേച്ഛമെന്നു നീ പറയരുത്".

[ഈ വാക്യം മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയണം]

പത്രോസ്:—"ഇതെന്തു വിസ്മയം! ദാ ആ വലയും മൃഗങ്ങളുമെല്ലാം വന്നതുപോലെതന്നെ പോകുന്നല്ലോ!"

[ഫ്ളാഷ്ലൈററും മങ്ങി മങ്ങി മറയുന്നു]

(തൽസമയം കതകിൽ ആരോ ശക്തിയായി മുട്ടുന്നു. രണ്ടുമൂന്നുപേരുടെ കാൽപെരുമാററം കേൾക്കപ്പെടുന്നു. ബൂട്ട്സുകൊണ്ടുള്ള പവിട്ട കേൾക്കുന്നു).

പത്രോസ്:—"ആരായിരിക്കണം ഈ ബഹളംകൂട്ടുന്നതു്? (പിന്നെയും മുട്ടിൻെറ ശബ്ദം). ഏതായാലും കതകു തുറക്കുകതന്നെ. വരുന്നതു വരട്ടെ! ഞാൻ കണ്ടതു സ്വപ്നമായിരിക്കണം. എന്നാലും അതിൻെറ സാരമെന്താണാവോ!"

[മൂന്നു പട്ടാളക്കാർ പ്രവേശിക്കുന്നു]

അവരിൽ മുമ്പൻ ചോദിയ്ക്കുന്നു:—

"പത്രോസെന്നു മറു നാമമുള്ള സൈമൺ താമസിക്കുന്നതു ഈ വീട്ടിലാണോ?"

പത്രോസ്:—"നിങ്ങളന്വേഷിക്കുന്ന ആൾ ഞാൻ തന്നെയാണു്. എന്താണു കാര്യം?"

മുമ്പൻ:—"ഞങ്ങൾ മൂവരും മുപ്പതു മൈലകലെ കേസറിയായിൽനിന്നാണു വരുന്നതു്. മഹാനായ കൊർണ്ണേലിയസ് ശതാധിപൻെറ ദൂതന്മാരുമാണു്. അങ്ങയെ ഉടനെ കൂട്ടിക്കൊണ്ടുപോകാനാണു കല്പന".

പത്രോസ്:—"അങ്ങനെയാകട്ടെ! ഇന്നു് നിങ്ങളിവിടെ താമസിക്കുക. നാളെ രാവിലെ നമുക്കു് പുറപ്പെടാം".

(കർട്ടൻ)

## രംഗം മൂന്നു്.

[കേസറിയായിൽ കൊർണ്ണേലിയസിൻെറ ബംഗ്ലാവു (ഒന്നാംരംഗത്തിലേതുപോലെ). സമയം ഉച്ചകഴിഞ്ഞു മൂന്നുമണി. ഒരു വലിയ ഹാളിൽ കൊർണ്ണേലിയസ്, മാർസല്ലസ്സ് എന്നിങ്ങനെ അഞ്ചാറാളുകൾ കൂടിയിരിക്കുന്നു]

കൊർണ്ണേലിയസ്:—"മാർസല്ലെസെ, ഇന്നു മൂന്നായി ഞാനാ സ്വപ്നംകണ്ടിട്ടു്. പോയവർ മടങ്ങിവരാറായില്ലേ? പത്രോസു വരാതിരിക്കുമോ? എന്തു തോന്നുന്നു സ്നേഹിതനു്?"

മാർസെല്ലസ്:—"തീർച്ചയായും വരും. (ദൂരെനോക്കിക്കൊണ്ടു്) ആരൊക്കെയോ വരുന്നുണ്ടെന്നു തോന്നുന്നു. കൂട്ടത്തിൽ ഒരു ദിവ്യപുരുഷനുമുണ്ടു്".

കൊർണ്ണേലിയസ്:—"ഓഹോ! എന്നാൽ അവർതന്നെ—സംശയമില്ല (കൊർണ്ണേലിയസും നോക്കുന്നു). ശരിശരി, എൻെറ പടയാളികളേയും കാണുന്നു—അവരെക്കൂടാതെ ആകെ ഏഴുപേരുണ്ടല്ലോ. ആരെല്ലാമായിരിക്കാം അവർ?

മാർസല്ലെസ്:—"ഗുരുവിൻെറ ശിഷ്യന്മാരായിരിക്കണം അവർ".

[പത്രോസു മുമ്പിലും, കൂട്ടുകാർ ആറുപേരും ഒടുവിൽ പട്ടാളക്കാരും ആയി ഹാളിൻെറ പൂമുഖത്തു പ്രത്യക്ഷപ്പെടുന്നു. കൊർണ്ണേലിയസ് പത്രോസിൻെറ മുമ്പിൽ സാഷ്ടാംഗപ്പ്രണാമം ചെയ്യുന്നു.

പത്രോസ്:—"എന്തു്? ഞാനൊരു വെറും മനുഷ്യൻ! എന്നെ ആരാധിക്കുകയോ? എഴുന്നേൽക്കു". ശതാധിപനെ പത്രോസ് പിടിച്ചെഴുന്നേല്പിക്കുന്നു. "എല്ലാവരും ഇരിക്കുവിൻ". പത്രോസ് ആദ്യം, ശതാധിപൻ പിന്നീടു്, അനന്തരം മാർസല്ലസ് തുടങ്ങിയുള്ളവരും. പട്ടാളക്കാർ അററൻഷ്യനായി നിൽക്കുന്നു. പത്രോസ് എഴുന്നേററുനിന്നു ഇങ്ങനെ പ്രസംഗിയ്ക്കുന്നു. "പ്രിയപ്പെട്ട കൊർണ്ണേലിയസ്സേ, മാന്യമഹാജനങ്ങളെ, വിഗ്രഹാരാധകന്മാരും പുറജാതികളുമായവരുടെ വീടുകൾ സന്ദർശിക്കാനോ അവരുമായി സമ്പർക്കം പുലർത്താനോ യഹൂദന്മാർക്കു് പാടില്ലെന്നുള്ള കാര്യം നിങ്ങൾക്കും അറിവുള്ളതാണല്ലോ. എങ്കിലും മിനിയാന്നു എൻെറ പക്കൽ വന്ന മൂന്നു പുറജാതികൾക്കു് ഞാൻ സങ്കേതം നൽകിയതിനും

പുറമെ, ഇന്നിതാ മാന്യനെങ്കിലും പുറജാതിയായ കൊർണ്ണേലിയസിൻെറ ആതിഥ്യം ഞാനും എൻെറ കൂട്ടുകാരും സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ എൻെറ യഹൂദസ്നേഹിതന്മാർ അരിശപ്പെട്ടുകയും എൻെറ പ്രവൃത്തിയെ അവഹേളിക്കുകയും ചെയ്യാതിരിക്കയില്ലെന്നും എനിക്കറിയാം. പക്ഷെ ഞാനെന്തു ചെയ്യട്ടെ! എൻെറ രക്ഷാനാഥനായ യേശുക്രിസ്തു എനിയ്ക്കുപദേശിച്ചുതന്നു, അല്ലാ കാണിച്ചുതന്നു, യാതൊരു മനുഷ്യനേയും പുറജാതിയെന്നോ, മ്ലേഛനെന്നൊ അയിത്തമുള്ളവനെന്നൊ ഗണിച്ചുകൂടെന്നു അതുകൊണ്ടാണ്, സ്നേഹിതാ ഞാനുടനെതന്നെ അങ്ങയുടെ ദൃതന്മാരോടുകൂടി ഇങ്ങോട്ടുപുറപ്പെട്ടതു്''.

കൊർണ്ണേലിയസ്:—"അഭിവന്ദ്യനായ പത്രോസേ, മൂന്നുദിവസങ്ങൾക്കുമുമ്പ് ഇതേ സമയത്തു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കവെ, ധവളവസ്ത്രധാരിയായ ഒരു സുന്ദര പുരുഷൻ പെട്ടെന്നു എൻെറ മുമ്പിൽ ആഗതനായി. അതൊരു സ്വപ്നംപോലെയാണെന്നിയ്ക്കാദ്യം തോന്നിയതു്. അദ്ദേഹം പറയുകയാണ്:

''കൊർണ്ണേലിയസ്സേ, നിൻെറ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ജഗദീശസമക്ഷം അനുസ്മൃതങ്ങളാണ്. അതിനാൽ, ജോപ്പായിൽ ശൈമനെന്ന ചർമ്മകാരൻെറ വീട്ടിൽ താമസിയ്ക്കുന്ന ശൈമൺ പത്രോസ്സിനെ ആളയച്ചു വരുത്തുക".

"ഈ ദിവ്യനിർദ്ദേശാനുസരണമാണു ഞാൻ അങ്ങേയുടെ പക്കൽ എൻെറ ഭൃത്യന്മാരെ അയച്ചതു്. ഇനി ആ ദിവ്യസന്ദേശമെന്താണെന്നു അരുളിയാലും! അങ്ങേ ദാസന്മാരായ ഞങ്ങളെല്ലാവരും അതു കേൾക്കുവാൻ അക്ഷമരായിരിക്കുകയാണു''.

പത്രോസ്:—''ദൈവം പക്ഷപാതരഹിതനാണെന്നു ഞാൻ നല്ലപോലെ മനസ്സിലാക്കുന്നു. നീതി പ്രവർത്തിക്കുകയും ഈശ്വരനെ ഭയപ്പെടുകയും ചെയ്യുന്നവൻ, ഏതു ജാതിയിൽ ജനിച്ചവനായാലും തൻ തിരുവടിയ്ക്കു പ്രിയങ്കരൻതന്നെയാണ്. സർവ്വരുടേയും നാഥനായ യേശുക്രിസ്തുവഴിയായ സമാധാനം പ്രസംഗിയ്ക്കുവാൻ ഇസ്രായേൽ ജനങ്ങളുടെ പക്കലേയ്ക്കു ദൈവം സ്വ 'വചന"ത്തെ അയച്ചു. യൂദയാ മുഴവനിലും എന്തു സംഭവിച്ചു എന്നു് നിങ്ങളും കേട്ടിരിക്കുമല്ലോ. യോഹന്നാൻ പ്രഖ്യാപിച്ച മാമ്മോദീസായ്ക്കു ശേഷം, ഗലീലിയിൽ തിരുവടി ആരംഭിച്ചു. നസ്രേത്തിലെ യേശുവിനെ ദൈവം പവിത്രാത്മാവിനെക്കൊണ്ടു് അഭിഷേകം ചെയ്യിച്ചു്, അധികാരപൂർവ്വം എവിടെയും നന്മചെയ്തും പിശാചിൻെറ അധികാരത്തിനു് അധീനരായിരുന്നവരെ മോചിപ്പിച്ചുംവന്നു. എന്തെന്നാൽ ദൈവം തിരുവടിയോടുകൂടി ഉണ്ടായിരുന്നു

തിരുവടി യഹൂദന്മാരുടെ രാജ്യത്തിലും ജറൂസലേമിലും ചെയ്തിട്ടുള്ളവയെല്ലാം ഞങ്ങൾ ദൃക്സാക്ഷികളാണു. എങ്കിലും അവർ തിരുവടിയെ ഒരു മരത്തിൽ തൂക്കിക്കൊന്നു. ദൈവം തിരുവടിയെ മൂന്നാംദിവസം ഉയർപ്പിച്ചു. തിരുവടിയെ നല്ലപോലെ ദർശിക്കുവാനുള്ള ഭാഗ്യം, ജനസാമാന്യത്തിനു പൊതുവേയല്ല, ഞങ്ങൾക്കു്—ദൈവം മുൻകൂട്ടി തെരഞ്ഞെടുത്തവർക്കു് നൽകി. തിരുവടി മരിച്ചവരിൽനിന്നുയർത്തതിൻെറ ശേഷം, തിരുവടിയൊന്നിച്ചു ഞങ്ങൾ ഭക്ഷിക്കുകയും പാനംചെയ്കയും ഉണ്ടായി. ജീവിക്കുന്നവരുടേയും മരിച്ചുകഴിഞ്ഞിട്ടുള്ളവരുടേയും വിധികർത്താവായി, തിരുവടിയെ ആണു ദൈവം നിയമിച്ചിരിക്കുന്നതെന്നു്, സാക്ഷ്യം വഹിക്കുവാനും തിരുവടി ഞങ്ങളോടാജ്ഞാപിച്ചു.

എല്ലാ പ്രവാചകന്മാരും സാക്ഷ്യം വഹിയ്ക്കുന്നുണ്ടു് തിരുവടിയുടെ നാമധേയം വഴിയായി തിരുവടിയിൽ വിശ്വസിക്കുന്നവർക്കെല്ലാം പാപവിമോചനം ലഭിയ്ക്കുമെന്നു''.

(പത്രോസിൻെറ പ്രസംഗസമയം പുറജാതികളായ കൊർണ്ണേലിയസിൻേറയും കൂട്ടുകാരുടേയും മേൽമാത്രം ഫ്ളാഷ്ലൈററ പ്രകാശിക്കുന്നു). അതു കണ്ടുകൊണ്ടു് പത്രോസിൻെറകൂടെ വന്നവരിൽ ഒരു യഹൂദക്രിസ്ത്യാനി പറയുന്നു.

''ഹാ! നോക്കു് പരിശുദ്ധാത്മാവു് ഈ പുറജാതികളുടെ മേൽ ഇറങ്ങിയിരിക്കുന്നല്ലൊ!"

പത്രോസ്:—"ശരിതന്നെ! നമ്മേപ്പോലെ പവിത്രാത്മാവിനെ ഇവരും സ്വീകരിച്ചുകഴിഞ്ഞല്ലോ. ഇവരെ മാമ്മോദീസാ മുക്കുവാനെന്താണു തടസ്സം?"

ക്രിസ്ത്യാനികളെല്ലാവരുംകൂടി ''അങ്ങനെതന്നെ''.

(കർട്ടൻ)

## രംഗം നാല്.

[ജറുസലേം പട്ടണം—ഒരുമുറിയിൽ യഹൂദക്രിസ്ത്യാനികളായ നാലഞ്ചുപേർ കൂടിയിരുന്നു ഉച്ചത്തിൽ സംസാരിക്കുന്നു.]

ഏലിയാസർ: —"എടോ സാമുവേൽ, താൻ കേട്ടില്ലേ കേസറിയായിൽ നടന്ന സംഭവം?''

സാമുവേൽ: —"ഞാനും കേട്ടു. പത്രോസ് അജ്ഞാനികളുടെ വീട്ടിൽ താമസിച്ചെന്നും പന്തിഭോജനം കഴിച്ചെന്നുമെല്ലാം".

എസക്കിയേൽ: —"താനെന്തുകേട്ടെടോ സമുവേലെ, പത്രോസ് കൊർണ്ണേലിയസെന്ന പുറജാതിക്കാരനെ ചേലാകർമ്മം ചെയ്യാതെ മാമ്മോദീസാ മുക്കിയകാര്യം താനറിഞ്ഞോ?''

ദാവീദ്: —"ഓഹോ! അതും കഴിഞ്ഞോ''.

നഥാനിയേൽ: —"ശരിയാ ശരിയാ ഞാനതുകേട്ടു മോശയുടെ നിയമം ലംഘിക്കുവാൻ ഈ പത്രോസാരാ, എൻെറ എലിയാസറേ?''

ഏലിയാസർ: —''അതുതന്നെയാണ ഞാനും ചോദിക്കുന്നതു്!"

ഉച്ചത്തിൽ ''ഇതറിഞ്ഞിട്ടുതന്നെ മററു കാര്യം''.

(എല്ലാവരും ക്ഷോഭിച്ചു് ഉച്ചത്തിൽ പറയുന്നു)

"അങ്ങനെതന്നെ''

ദാവീദ്: —"കൂട്ടുകാരെ, ദാ അതൊക്കെയോ ഇതിലേ വരുന്നല്ലോ! എങ്ങോട്ടായിരിക്കാം, അവരുടെ പുറപ്പാട്. ശരി ഇങ്ങോട്ടുതന്നെ!''

എസക്കിയേൽ: —"പത്രോസാണല്ലൊ മുമ്പേ വരുന്നതു്. ആറുപേരും കൂടെയുണ്ടല്ലൊ!''

ഏലിയാസർ: —''പത്രോസുതന്നെ—കൂട്ടത്തിലുള്ളവരാരായിരിക്കാം''.

[പത്രോസു മുമ്പിലും മററാറുപേർ പിറകേയും പ്രവേശിക്കുന്നു.]

മുറിയിലുണ്ടായിരുന്നവരെല്ലാം ആചാരപൂർവ്വം എഴുന്നേൽക്കുന്നു.

പത്രോസ്: —''സ്നേഹിതന്മാരെ, കർത്താവായ യേശുവിൻെറ സമാധാനം നിങ്ങൾക്കുണ്ടാകട്ടെ".

എല്ലാവരും ഒന്നിച്ചു—''അങ്ങേയ്ക്കും സമാധാനം''.

സാമുവേൽ: —"പത്രോസെ, ഞങ്ങളേതാണ്ടു കേട്ടു. അതു ഞങ്ങൾ വിശ്വസിച്ചിട്ടില്ല. എങ്കിലും വാസ്തവം ഞങ്ങൾക്കറിയേണ്ടിയിരിക്കുന്നു".

പത്രോസ്: —''എന്താണു സഹോദരാ കാര്യം?''

ഏലിയാസർ: —''അങ്ങെന്തിനു ചേദനാചാരകർമ്മം ചെയ്യാത്തവരെ സന്ദർശിച്ചു? എന്തിനവരുമായി പന്തിഭോജനം നടത്തി?"

എല്ലാവരും ഒന്നിച്ചു്: —''അതെ! ഞങ്ങൾക്കതറിയണം. മോശയുടെ നിയമം ലംഘിക്കുവാനാരുടെ കല്പനയാണു്?''

പത്രോസ്: —''സഹോദരന്മാരെ, ക്ഷോഭിക്കാതിരിക്കണം. ഞാനെല്ലാം വിസ്തരിച്ചുപറയാം. ഞാൻ ജോപ്പാപ്പട്ടണത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ, ഹർഷോന്മത്തനാവുകയും ഒരു സ്വപ്നം കാണുകയും ചെയ്തു. ആ ദർശനം ഇങ്ങനെയാണു്. ഒരു വലിയ വിരിപ്പുപോലെയുള്ള ഒരു ഭാജനം! അതിൻെറ നാലു കോണുകൾവഴിയായി ആകാശത്തുനിന്നു ഇറങ്ങി നേരെ എൻെറ മുമ്പിൽ വന്നുനില്ക്കുന്നു. ഞാൻ സൂക്ഷിച്ചുനോക്കി. അതിനകത്തു ഭൂമുഖത്തുള്ള സകല നാല്കാലികളും കാട്ടുമൃഗങ്ങളും ഇഴജന്തുക്കളും ആകാശത്തിലെ പറവജാതികളും ഞാൻ ദർശിച്ചു. ഞാനൊരു സ്വരവും കേട്ടു.

''പത്രോസെ, എഴുന്നേററു കൊന്നുതിന്നുക."

''ഒരിയ്ക്കലുമില്ലേ, കർത്താവെ, മ്ലേച്ഛവും അശുദ്ധവുമായ യാതൊന്നും എൻെറ വായിൽ കടന്നിട്ടില്ല. എന്നു ഞാൻ മറുപടികൊടുത്തു''.

''ദൈവം ശുദ്ധിയാക്കിയതു അശുദ്ധമെന്നു നീ പറയരുതു്''.

''ഇങ്ങനെ മൂന്നുപ്രാവശ്യം ഞാൻ കേട്ടു. അനന്തരം എല്ലാം സ്വർഗ്ഗത്തിലേയ്ക്കുതന്നെ വലിയ്ക്കപ്പെട്ടു. ഉടനെ തന്നെ ഇതാ മൂന്നുപേർ കേസറിയായിൽനിന്നു് ഞാൻ താമസിച്ചിരുന്ന വീട്ടിൽ വന്നിരിയ്ക്കുന്നു എന്നെ കൂട്ടിക്കൊണ്ടു പോവാൻ. അവരൊന്നിച്ചു പോകണമെന്നു് പരിശുദ്ധാരൂപിയുടെ നിമന്ത്രണവുമെനിയ്ക്കുണ്ടായി. എന്നോടുകൂടി നിങ്ങൾ കാണുന്ന ഈ ആറുപേരും എന്നോടുകൂടി പുറപ്പെട്ടു. ഞങ്ങളവിടെ എത്തിയപ്പോൾ എനിയ്ക്കുണ്ടായതുപോലെ അയാൾക്കും ഒരു സ്വപ്നമുണ്ടായെന്നു അയാൾ പറയുകയാണു്—അയാളുടെ സ്വപ്നത്തിൽ, ''ജോപ്പായ്ക്കു ആളയച്ചു പത്രോസെന്ന മറുനാമമുള്ള ശെമന്നെ വരുത്തുക—നീയും നിൻെറ കുടുംബാംഗങ്ങളെല്ലാവ

# കർമ്മേലോത്തരീയവും കഠിനപാപിയും

(ഒരു സംഭവകഥ)

(F. P.)

അന്നൊരു ഞായറാഴ്ചയായിരുന്നു. കർമ്മല നാഥയുടെ തിരുനാൾ കഴിഞ്ഞുവരുന്ന ആദ്യഞായ റാഴ്ച. ന്യൂയോർക്കിലെ 29-ാം നമ്പർ തെരുവിൽ കർമ്മലനാഥയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിൽ അതിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുടെ സ്തുതിക്കായി നടത്താറുള്ള വാർഷിക പ്രദക്ഷിണത്തിനുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. പെട്ടെന്നു ടെലെഫോൺബെൽ അടിക്കുന്നതു കേൾക്കാറായി. ഇതു ശ്രവിച്ച ഫാദർ മാഹണി വിവരം അറിയുന്നതിനു ഫോണിന്റെ അടുക്കലേയ്ക്കു പോയി.

"ഹലോ, ഹലോ, അതു 29-ാം നമ്പർ സ്ട്രീററിലെ കർമ്മലീത്താ ആശ്രമമാണോ? ഇതു ബൽവ്യൂ ആശുപത്രിയാണു്. അവിടത്തെ ചാപ്പ്ലയിനായ ഫാദറിനോടു് അല്പം സംസാരിക്കാനുണ്ടു്."

"അദ്ദേഹം തന്നെയാണു് സംസാരിക്കുന്നതു്."

"ഓ, ഫാദർ മാഹണിയോ? ഈ വശത്തു് സംസാരിക്കുന്നതു് നേഴ്സ് കറാൻ ആണു്. അച്ചൻ അല്പസമയത്തേക്കു് ഇവിടംവരെ ഒന്നു വന്നാൽ കൊള്ളാം."

"ഗുരുതരമായ കാര്യം വല്ലതുമാണോ? ഞങ്ങൾ പ്രദക്ഷിണത്തിനു് ഒരുങ്ങുകയാണു്. എല്ലാവരും അതിൽ സംബന്ധിക്കണമെന്നാണു് ബ. പ്രിയോരച്ചന്റെ ആഗ്രഹം."

---

രും രക്ഷപ്രാപിക്കുന്നതിനുള്ള മാർഗ്ഗം അയാൾ ഉപദേശിക്കും". ഇങ്ങനെ ഒരേ സമയത്തു ഞങ്ങൾ രണ്ടുപേർക്കും ഓരോ സ്വപ്നമുണ്ടായി. ഇതനുസരിച്ചു ഞാൻ അയാളോടും കൂട്ടുകാരോടും പ്രസംഗിച്ചുകൊണ്ടുനിൽക്കവേതന്നെ പരിശുദ്ധാത്മാവു് അവരുടെ മേൽ ഇറങ്ങി, പണ്ടു ഞങ്ങൾക്കു സംഭവിച്ചതുപോലെ തന്നെ. ആ സമയം കർത്താവിന്റെ വാക്കു് ഞാനോർമ്മിച്ചു. "യോഹന്നാൻ വെള്ളംകൊണ്ടു മാമോദീസാമുക്കി. നിങ്ങളോ പരിശുദ്ധാത്മാവിയാൽ സ്നാനപ്പെടും."

ഏലിയാസർ:—"അയ്യോ! ഇങ്ങനെയാണോ സംഭവിച്ചതു്?"

പത്രോസ്:—"അതേ".

ദാവീദും നാഥാനിയേലും ഒന്നിച്ചു:—"ഞങ്ങൾ വിഢികളായി പത്രോസേ".

എസക്കിയേൽ:—"ഞങ്ങൾ തെററുചെയ്തു!"

പത്രോസ്:—"സാരമില്ല, കർത്താവു ക്ഷമിക്കും".

(തുടരുന്നു). "അതുകൊണ്ടു് നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു ദൈവം നൽകിയ അതേ ദാനംതന്നെ തിരുവടി അവർക്കും കൊടുക്കുമ്പോൾ അതു തടയാൻ നാമാരാണു്"?

ഏലിയാസർ:—"ദൈവം പുറജാതികൾക്കും നിത്യരക്ഷ പ്രാപിക്കാനുള്ള മാർഗ്ഗം തുറന്നിട്ടുതന്നെ".

എസക്കിയേൽ:—"അങ്ങനെ കൊർന്നേലിയസ്സിനാണല്ലോ വിഗ്രഹാരാധനക്കാരുടെ ഇടയിൽ നിന്നു ഒന്നാമത്തെ ക്രിസ്ത്യാനിയാകാൻ യോഗമുണ്ടായതു്".

എല്ലാവരും: "അതേ! അതേ! യേശുക്രിസ്തു യഹൂദരുടെ മാത്രമല്ല, സർവ്വജാതികളുടേയും രക്ഷകനാണു. സംശയമില്ല."

യേശുനാഥ, ലോകനാഥ,
ക്രിസ്തുനാഥ പാഹിമാം
യേശുനാഥ ലോകനാഥ
ക്രിസ്തുനാഥ പാഹിമാം.

(കർട്ടൻ)

ശുഭം

"സുഖക്കേട് അത്ര ഗുരുതരമൊന്നുമല്ല. എങ്കിലും സംഗതി കുറച്ചു വിചിത്രതരമായി തോന്നുന്നു. രാവിലെ ഒരു സ്ത്രീയെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അവരുടെ സ്ഥിതി അപകടകരമാണെന്നു പറയാൻ പാടില്ല. എങ്കിലും അവർ ഒരു വൈദികനെ കാണണമെന്ന് ആവശ്യപ്പെടുന്നു. പെട്ടെന്ന് ഒന്നും ഭയപ്പെടാനില്ലെന്നും, രാവിലെ അച്ചൻവരുമ്പോൾ കണ്ടാൽ മതിയെന്നും അവരെ പരിശോധിച്ച ഡോക്ടർ അഭിപ്രായപ്പെട്ടു. പക്ഷെ, രോഗി നിർബന്ധം പിടിക്കുകയാണ്. അവർ ഇപ്പോൾ ഒരുമാതിരി ഉന്മാദാവസ്ഥയിലാണെന്ന് പറയാം. ഈ വാർഡിലുള്ള സകലരോടും താൻ മരിക്കാൻ പോവുകയാണ് എന്ന് അവർ വിളിച്ചുപറയുന്നു. എങ്കിലും ആരും അതു് ഗൌനിക്കുന്നില്ല. അവർക്ക് സുഖമുണ്ടെന്നും, രാവിലെ വൈദികനെ കണ്ടാൽമതിയെന്നും ഡോക്ടർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥിതിക്ക്, എനിക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. ഡോക്ടർ ഇപ്പോൾ അവരുടെ അടുത്തുള്ളതുകൊണ്ട് അച്ചൻ ഇവിടെവരെവന്ന് അദ്ദേഹത്തിൽ നിന്നും രോഗിയിൽനിന്നും വിവരങ്ങൾ അറിയുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇങ്ങനെ ചെയ്യുന്നതു് മററു് രോഗികൾക്കും ആശ്വാസപ്രദമായിരിക്കും. ഈ സ്ത്രീയുടെ അട്ടഹാസവും ബഹളവും കൂടാതെ തന്നെ ആ സാധുക്കൾക്ക് ഈ ഉഷ്ണകാലത്തു് ധാരാളം സഹിക്കാനുണ്ട്."

"ഞാൻ പോയി ബ. പ്രിയോരച്ചനെ വിവരങ്ങൾ ധരിപ്പിക്കാം. അദ്ദേഹം അനുവദിക്കുന്നെങ്കിൽ പത്തു മിനിട്ടിനകം അവിടെ എത്താം."

"വളരെ ഉപകാരം."

പത്തു മിനിട്ട് സമയംകൊണ്ട് ഫാദർ മാഹണി ആശുപത്രിയിൽ എത്തി. അദ്ദേഹം നേഴ്സ്കറാൻെറ വാർഡിൽ ചെന്നപ്പോൾ ഡോക്ടറും അവിടെ ഉണ്ടായിരുന്നു. നേഴ്സിനെ അടുത്ത് വിളിച്ച് രോഗി എവിടെയെന്ന് അദ്ദേഹം അന്വേഷിച്ചു. ഡോക്ടർ പോർട്ടർ ആ രോഗിയെത്തന്നെ പരിശോധിച്ചു കൊണ്ടിരിക്കുകയായിരുന്നു. ശിരസ്സുയർത്തി അച്ചനെ നോക്കിക്കൊണ്ട് ഡോക്ടർ പറഞ്ഞു. "ഈ രോഗിയെക്കാണുന്നതിനല്ല അച്ചൻ വന്നതെന്ന് ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ഇവർക്ക് നല്ല സുഖമുണ്ട്. രാവിലെ വരുമ്പോൾ ഇവരെക്കണ്ടാൽ മതിയാകും."

"കൊള്ളാം, പക്ഷെ, വാസ്തവം പറഞ്ഞാൽ ആ രോഗിക്ക് ഒരു വൈദികനെക്കാണണമെന്ന് നിർബ്ബന്ധമാണ് എന്നറിഞ്ഞുകൊണ്ടാണ് ഞാൻ വന്നതു്."

"അതുകൊണ്ട് അവർക്ക് അപകടമുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഒരു കാര്യം അച്ചനോട് പറയാനുണ്ട്. ഇപ്പോൾ അവരോട് അല്പം സംസാരിച്ചാൽമതി. അവർക്ക് സംഭ്രമത്തിന് കാരണം കൊടുക്കുന്നതു് നന്നല്ല. കൂദാശകൾ സ്വീകരിക്കുന്നതിനും മററും ഒരുങ്ങാൻ തുടങ്ങിയാൽ അതു് പക്ഷെ അവർക്ക് സംഭ്രമത്തിന് കാരണമായേക്കും. അച്ചൻ നാളെ അവരെക്കാണുമെന്നും, ഇന്നുരാത്രി നന്നായി വിശ്രമിച്ചാൽ രാവിലെ വളരെ ഭേദമുണ്ടാകുമെന്നും അവരോട് പറയുക. രണ്ട് മിനിട്ടുകൊണ്ട് പരിശോധന കഴിയും. അപ്പോൾ അച്ചന് അവരുമായി സംസാരിക്കാം."

മററ് രോഗികളുടെ സമീപത്തേക്ക് ഫാദർ മാഹണി പോകുന്ന ശബ്ദം ശ്രവിച്ച ആ രോഗിണി വിളിച്ചുപറയുവാൻ തുടങ്ങി: "അച്ചാ, പൊയ്ക്കളയല്ലെ, എനിക്ക് അങ്ങയെക്കാണണം. ഞാൻ മരിക്കാറായിരിക്കുന്നു."

ഇതു് കേട്ട് ഡോക്ടർ പറഞ്ഞു: "പ്രിയ മഹതി, നിങ്ങൾ കുറച്ച് അവിടെ അടങ്ങിയിരിക്കണം. അച്ചൻ എങ്ങും പോകുന്നില്ല. അല്പം കഴിഞ്ഞ് നിങ്ങളെ സന്ദർശിക്കും. കൂടാതെ, നിങ്ങൾ തൊണ്ണൂറ് വയസ്സാകുന്നതിന് മുമ്പ് മരിക്കുകയില്ലെന്ന് ഞാൻ ഉറപ്പുപറയുന്നു."

നാലഞ്ച് മിനിട്ട് കഴിഞ്ഞ് ഫാദർ മാഹണി ആ രോഗിണിയെ സമീപിച്ചപ്പോൾ അവർ സംസാരിക്കാൻ തുടങ്ങി: "അച്ചാ, അങ്ങയെ കണ്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഞാൻ വളരെ മോശമായിജീവിച്ച ഒരു മഹാപാപിനിയാണ്." "നാമെല്ലാവരും പാപികളാണ്" അച്ചൻ പ്രതിവചിച്ചു. "എന്നാൽ ദൈവം എത്ര നല്ലവനാണെന്നും നമ്മുടെ കഴിഞ്ഞ ജീവിതം എത്രതന്നെ ദുഷിച്ചതായിരുന്നാലും അവിടുന്ന് നമ്മോട് കരുണകാണിക്കുമെന്നും നാം അനുസ്മരിക്കണം."

"അതെനിക്കറിയാം അച്ചാ, എങ്കിലും ദൈവത്തിൻെറ കരുണയ്ക്കും ഒരവധിയുണ്ടായിരിക്കണമല്ലോ.

ഞാൻ വളരെ മോശമായ ഒരു ജീവിതം നയിച്ചതുകൊണ്ട് പാപപ്പൊറുതി ലഭിക്കുകയില്ലെന്നാണ് എൻെറ ഭയം. ഞാൻ കൂദാശകൾ സ്വീകരിച്ചിട്ട് 26 വർഷങ്ങൾക്ക് മേലായി. ഒരു വൈദികനുമായുണ്ടായ അഭിപ്രായവ്യത്യാസം മൂലമാണ് ഇങ്ങനെ സംഭവിച്ചത്. കുറച്ച് കഴിഞ്ഞ് എനിക്ക് എൻെറ പ്രവൃത്തിയെപ്പററി പശ്ചാത്താപമുണ്ടായി. എങ്കിലും പാപസങ്കീർത്തനം കഴിക്കുന്നതിനുള്ള ധൈര്യം എനിക്ക് ഉണ്ടായില്ല. കുമ്പസാരം എത്രനാൾ മാററിവച്ചോ അത്രയും കൂടുതൽ വഷളായി എൻെറ ജീവിതം. ഞാൻ മരിക്കാറായിരിക്കുന്നുവെന്ന് തീർച്ചയില്ലായിരുന്നുവെങ്കിൽ അച്ചനെ കാണുന്നതിന് ഇപ്പോഴും ഞാൻ ആവശ്യപ്പെടുകയില്ലായിരുന്നു."

"നിങ്ങൾ മരിക്കാറായിട്ടില്ല. ഞാൻ ഈ ആശുപത്രിയിൽ ചാപ്ലെയിനായിവന്നിട്ട് ഇപ്പോൾ പത്തു വർഷമായി. അനേകർ മരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ടെങ്കിലും അവർ മരിക്കാൻ പോകുന്നെന്ന് ആരാളെങ്കിലും പറയുന്നതായി ഞാൻ കേട്ടിട്ടില്ല. തങ്ങൾ മരിക്കാൻ പോകുന്നെന്ന് പറയുന്നവർ സാധാരണ സുഖം പ്രാപിക്കുന്നതായിട്ടാണ് കാണാറുള്ളത്."

"പക്ഷെ, എന്നെ സംബന്ധിച്ച് അങ്ങനെയല്ല. ഞാൻ ഇന്നു രാത്രിതന്നെ മരിക്കുമെന്ന് പ. കന്യക തന്നെ എന്നെ അറിയിച്ചിരിക്കുന്നു."

ഫാദർ മാഹണി, പുഞ്ചിരിച്ചുകൊണ്ട്, അതെങ്ങിനെയാണ് എന്ന് ചോദിച്ചു. ആ സ്ത്രീ ഇങ്ങനെയാണ് മറുപടി നൽകിയത്.

"കഴിഞ്ഞ രാത്രി എനിക്ക് ഒരസുഖം ഉണ്ടായി. അതായിരുന്നു എൻെറ ജീവിതത്തിലെ ആദ്യത്തെ സുഖക്കേട്. ഉടനേ ഒരു ഡോക്ടറെ വരുത്തി. അദ്ദേഹം പരിശോധിച്ചിട്ട്, എന്നെ ഉടനെ ആശുപത്രിയിലാക്കണമെന്ന് ആവശ്യപ്പെട്ടു. ഞാൻ അത്യധികം ഭയപ്പെട്ടുവെന്ന് മാത്രമല്ല, എൻെറ ജീവിതത്തിൽ ഒരിക്കലും ചെയ്തിട്ടില്ലാത്തവിധം അത്ര എരിവോടെ പ്രാർത്ഥിക്കുകയും ചെയ്തു. കർമ്മലമാതാവിൻെറ സ്തുതിക്കായി ഞാൻ ചില ഭക്തകൃത്യങ്ങൾ ചെയ്തുവരാറുണ്ടായിരുന്നു. ഈ അവസരത്തിൽ ആ മാതാവിനോട് ഞാൻ പ്രത്യേകം പ്രാർത്ഥിച്ചു. ആ അമ്മ എന്നെ കൈവിട്ടില്ല. ഞാൻ മരിക്കാൻ പോവുകയാണ് എന്ന സ്വരം ഇന്നു മുഴുവനും ഞാൻ കേട്ടുകൊണ്ടിരിക്കുന്നു. കർമ്മലമാതാവു തന്നെയാണ് അതു പറയുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ സുഖം പ്രാപിക്കുമെന്ന് ഡോക്ടറും മററെല്ലാവരും പറയുന്നെങ്കിലും ഞാൻ മരിക്കാറായിരിക്കുന്നുവെന്ന് ആ സ്വരം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു."

"കർമ്മലമാതാവിനോട് നിങ്ങൾക്ക് ഭക്തിയുണ്ട് എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഞാൻ തന്നെ, കർമ്മല നാഥയുടെ സഭയിലെ ഒരംഗമാണ്."

"പ്രിയപ്പെട്ട അച്ചാ, മാതാവുതന്നെയാണ് അങ്ങയെ എൻെറ പക്കലേക്ക് കൊണ്ടുവന്നത്. എനിക്ക് പത്തു വയസ്സായതുമുതൽ ഞാൻ കർമ്മലോത്തരീയം ധരിക്കുന്നു. എൻെറ പ്രഥമ ദിവ്യകാരുണ്യസ്വീകരണ ദിവസമാണ് ഞാൻ ഉത്തരീയസഖ്യത്തിൽ ചേർന്നത്. എന്നെ ചേർത്ത വൈദികൻ എന്നെക്കൊണ്ട് ഒരു പ്രതിജ്ഞ ചെയ്യിച്ചു. 'എന്നെ സംരക്ഷിക്കുകയും മരണസമയത്തിൽ എന്നെ സഹായിക്കുകയും ചെയ്യണമെ' എന്ന് മാതാവിനോട് അപേക്ഷിച്ചുകൊണ്ട് മൂന്നു നന്മനിറഞ്ഞ മറിയം എന്ന നമസ്കാരം ദിവസവും ചൊല്ലിക്കൊള്ളാം എന്നതായിരുന്നു ആ പ്രതിജ്ഞ. അത് ഞാൻ വിശ്വസ്തതയോടെ പാലിച്ചു. മാത്രമല്ല, തിരുവുത്തരീയവും മുടങ്ങാതെ ധരിക്കുന്ന കാര്യത്തിലും ഞാൻ ഉത്സുകയായിരുന്നു. ധരിച്ചിരുന്ന ഉത്തരീയം ഉപയോഗപ്രദമല്ലാതെ വരുമ്പോൾ പകരം പുതിയ ഉത്തരീയം ലഭിക്കുന്നതിന് പലപ്പോഴും വലിയ പ്രയാസങ്ങൾ തന്നെ ഞാൻ തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. എങ്കിലും എൻെറ മതവിശ്വാസവുമായി എനിക്കുണ്ടായിരുന്ന ഏകബന്ധം ഇതുമാത്രമായിരുന്നുവെന്ന് സവ്യസനം ഞാൻ ഏററു പറയുന്നു."

"ഇതു ഏതായാലും അത്ഭുതകരം തന്നെ. മതപരമായ കാര്യങ്ങൾ ഉപേക്ഷിച്ച സ്ഥിതിക്ക് അതെ സംബന്ധിക്കുന്ന യാതൊന്നും നിങ്ങൾ കാര്യമായി ഗണിക്കുകയില്ലെന്ന് ആരും ധരിച്ചുപോകും. എന്നാൽ ഇങ്ങനെ നിങ്ങൾ ചെയ്തതു് നിങ്ങളുടെ ഭാഗ്യാതിരേകം തന്നെ. മാതാവു നിങ്ങളെ പരിത്യജിച്ചില്ല; മാത്രമല്ല, ഇതാ അവൾ നിങ്ങളെ തൻെറ ദിവ്യസുത

# ദൈവത്തിന്റെ അമ്മ, നിന്റെ അമ്മ
# സ്നേഹിക്കുക! ബഹുമാനിക്കുക!

(റവ. ഫാ. ജെ. കോയിൽപറമ്പിൽ)

അമ്മ! അതൊരു മധുരമായ നാമമാണ്. ഏതോ ഒരു മാന്ത്രികശക്തി അതിൽ നിക്ഷിപ്തമായിരിക്കുന്നു. അമ്മ എന്ന നാമ ശ്രവണമാത്രയിൽ ശിശു ആനന്ദത്താൽ തുള്ളിചാടുന്നു. അമ്മയുടെ ചുംബനമേൽക്കുമ്പോഴും, അമ്മയുടെ മധുരസ്വരം ശ്രവിക്കുമ്പോഴും, അമ്മയുടെ മടിയിൽ വിശ്രമിക്കുമ്പോഴും ആ ശിശു അനുഭവിക്കുന്ന ആനന്ദാനുഭൂതി വർണ്ണനാതീതമാണ്. ആ സ്നേഹബന്ധത്തിൽനിന്നും അതിനെ വേർപെടുത്തുവാൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ല. സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ പറയുകയാണ്

---

നിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിനും പരിശ്രമിക്കുന്നു."

"കർത്താവ് എന്നെ സ്വീകരിക്കുമെങ്കിൽ അങ്ങ് പറഞ്ഞതുപോലെ തന്നെ സംഭവിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു."

"കർത്താവ് തീർച്ചയായിട്ടും നിങ്ങളെ സ്വീകരിക്കും. പിൻതിരിഞ്ഞുവരുന്ന ഏതു ധൂർത്തുപുത്രനേയും താൻ സ്വീകരിക്കുന്നതുപോലെ നിങ്ങളേയും അവിടുന്ന് സ്വാഗതം ചെയ്യും. നിങ്ങൾ ഇപ്പോൾ കുമ്പസാരിക്കേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. രാവിലെവരെ കാത്തിരിക്കുകയാരിക്കും നല്ലതു്. ഡോക്ടറും അങ്ങനെയാണല്ലൊ പറഞ്ഞതു്."

"അങ്ങനെയല്ല പിതാവെ", അവൾ നിർബ്ബന്ധപൂർവ്വം അഭ്യർത്ഥിച്ചു. "ഞാൻ ഇപ്പോൾ കുമ്പസാരിക്കുന്നില്ലെങ്കിൽ പരിശുദ്ധകന്യകയിൽ നിന്ന് അകന്നുപോകുമെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് എനിക്ക് ഇപ്പോൾതന്നെ കുമ്പസാരിക്കണം."

"നിങ്ങളുടെ ആന്തരം ഞാൻ മനസ്സിലാക്കുന്നു. പക്ഷെ, നാളെ രാവിലെ വി. കർബ്ബാനയും അന്ത്യലേപനവും സ്വീകരിക്കുന്ന കൂട്ടത്തിൽ കുമ്പസാരിക്കുകയല്ലെ നല്ലതു്?"

"എനിക്ക് ഇപ്പോൾത്തന്നെ ദിവ്യകാരുണ്യവും സ്വീകരിക്കുന്നതിന് ഒരു തടസ്സവുമില്ല. ഇന്ന് യാതൊരു ഭക്ഷണമോ പാനീയമോ ഞാൻ കഴിച്ചിട്ടില്ല. ഈ നിമിഷം പ്രതീക്ഷിച്ചാണ് ഞാൻ ഇതുവരെ കഴിഞ്ഞുകൂടിയതു്. എത്രയും വേഗം ദൈവവുമായി രമ്യപ്പെടുന്നതിന് ഞാൻ ആഗ്രഹിക്കുന്നു."

"നിങ്ങളുടെ വിശ്വാസം അന്യാദൃശംതന്നെ. ഞാൻ ഉടനെ നിങ്ങളുടെ കുമ്പസാരം കേൾക്കാം. അതിന് ശേഷം നിങ്ങളുടെ ആഗ്രഹനിവൃത്തിയായി ദേവാലയത്തിൽപ്പോയി വി. കർബ്ബാനയും വി. തൈലവും കൊണ്ടുവരാം."

"ദൈവത്തിന് സ്തുതിയായിരിക്കട്ടെ" എന്ന വാക്കുകൾ ഏററവും തീക്ഷ്ണതയോടെയാണ് അവർ ഉച്ചരിച്ചതു്.

അടുത്തദിവസം രാവിലെ ഫാദർ മാഹണി തന്റെ പതിവുള്ള സന്ദർശനം നടത്തുകയായിരുന്നു. നേഴ്സ് കറാന്റെ മുറിയുടെ അടുത്തുവന്നപ്പോൾ "നമ്മുടെ രോഗിണിക്ക് എങ്ങനെയിരിക്കുന്നു"വെന്ന് അദ്ദേഹം അന്വേഷിച്ചു.

"ഫാദർ, അങ്ങ് ഇന്നലെ ഇവിടെ വന്നതു് ദൈവാനുഗ്രഹംതന്നെ. ആ സ്ത്രീ അവരുടെ കിടക്കയിൽ മരിച്ചു കിടക്കുന്നതായിട്ടാണ് ഇന്ന് രാവിലെ ഞങ്ങൾ കണ്ടതു്." എന്ന് നേഴ്സ് മറുപടി നൽകി.

(N. B. ഈ സംഭവം യഥാർത്ഥത്തിൽ നടന്നതു തന്നെയാണ്. എന്നാൽ അതിനോട് ബന്ധപ്പെട്ട ചിലർ ഇപ്പോഴും ജീവിച്ചിരിക്കുന്നതുകൊണ്ട് പേരുകൾ മാത്രം മാററിയിട്ടുണ്ട്.)



ലേഖകൻ

"മാതൃത്വം ലോകത്തിലുള്ള സർവ്വതിലും വച്ച് ഏററവും പരിശുദ്ധമായ ഒന്നാണെന്ന്". അമ്മയെ കൂടാതെയുള്ള ജീവിതം ചിന്തിപ്പാൻപോലും സാദ്ധ്യമല്ല "നിന്റെ ജീവിതകാലം മുഴുവൻ നിന്റെ അമ്മയെ സ്നേഹിക്കുക. നിനക്കു വേണ്ടി അവൾ സഹിച്ച, സഹിക്കുന്ന കഷ്ടപ്പാടുകളെപ്പററി സദാ സ്മരിക്കുക." എന്നാണ് തോബിയാസ് തന്റെ മകനു നൽകിയ അന്ത്യശാസനം. മാതൃസ്നേഹത്തിന്റെ മനോഹരതയും, ആവശ്യകതയും അറിഞ്ഞിട്ടുള്ളവരായ നമുക്ക് അമ്മയെ സ്നേഹിക്കേണ്ടതിന്റേയും, ബഹുമാനിക്കേണ്ടതിന്റേയും ആവശ്യകതയെപ്പററി പറഞ്ഞറിയിക്കേണ്ടതില്ല.

അമ്മയുടെ സ്നേഹവും പരിലാളനയും നമ്മുടെ സ്വാഭാവിക ജീവിതത്തിൽ ആവശ്യമാകുന്നതുപോലെ തന്നെ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിലും ആവശ്യമായി തീർന്നിട്ടുണ്ട്. ആദ്ധ്യാത്മിക ഫലങ്ങൾ പുറപ്പെടുവിക്കുവാൻ വശമാകാത്ത ഈ ലോകമരുഭൂമിയിൽ കൂടി യാത്രചെയ്യുന്നവരായ നമുക്കു—നമ്മുടെ ത്രിവിധ ആത്മീകശത്രുക്കളോട് നിരന്തരം സമരം ചെയ്യേണ്ടവരായ നമുക്ക്—ഈ കണ്ണുനീരിന്റെ താഴ്വരയിൽ നിരാശ്രയരായി, നിരാലംബരായി കഴിഞ്ഞുകൂടുന്നവരായ നമുക്ക്—ഒരമ്മയുടെ സ്നേഹമസൃണമായ ആലിംഗനവും, പരിലാളനയും, സംരക്ഷണയും, എന്തൊരു ആശ്വാസവും, ശാന്തിയും, ആനന്ദവുമാണ് പ്രദാനം ചെയ്യുന്നതു്. നാം വിഷമിക്കേണ്ട ആവശ്യമില്ല. സ്വർഗ്ഗരാജ്ഞിയായ ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും മാതാവാണ്.

മറിയം നമ്മുടെ മാതാവാണ് എന്നതിനെ സാധൂകരിക്കാനുള്ള ന്യായങ്ങൾ നിരവധിയാണ്. അതിൽ പ്രധാനമായിട്ടുള്ളതു് മറിയം ദൈവസുതന്റെ മാതാവാണ് എന്നതുതന്നെ. ക്രിസ്തു ദൈവത്തിന്റെ സ്വാഭാവികപുത്രൻ ആകുന്നു എങ്കിൽ, നാം ദൈവത്തിന്റെ ദത്തുപുത്രരും, ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുമാണ്. ദൈവം തന്റെ കാരുണ്യാതിരേകത്താൽ, പ്രസാദവരം വഴി, തന്റെ (ദത്തു) പുത്രസ്ഥാനത്തേയ്ക്കു് നമ്മെ ഉയർത്തിയിട്ടുണ്ടു് എന്നതു് ക്രിസ്തീയ ദൈവശാസ്ത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തത്വശകലമാണ്. അതേ ന്യായത്താൽ തന്നെ ക്രിസ്തുവിന്റെ മാതാവായ മറിയം—ദൈവസുതന്റെ മാതാവായ മറിയം—ദൈവമാതാവായ മറിയം, നമ്മുടേയും മാതാവാണ്.

ഇനിയും നമുക്ക് ആശ്വാസവും ആനന്ദവും പ്രദാനം ചെയ്യുന്ന വേറൊരുതത്വശകലമുണ്ടു്. അതായതു് ക്രിസ്തുവിന്റെ മൗതികശരീരത്തെപ്പററിയുള്ള തിരുസ്സഭാപഠനം. തിരുസ്സഭയുടെ അംഗങ്ങളായ നാം, ക്രിസ്തു ശിരസ്സാകുന്ന ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസ്സഭയുടെ അംഗങ്ങളാകുന്നു. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു." എന്നു ക്രിസ്തുനാഥൻതന്നെ അരുളിചെയ്തിട്ടുള്ള വാക്യങ്ങളും, അവയുടെ വ്യാഖ്യാനമെന്ന വിധം "ഞാൻ ജീവിക്കുന്നു; ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതു്"; "ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉള്ളതു പോലെ...........പലരായനാം! ക്രിസ്തുവിൽ ഒരു ശരീരമാകും"; "തിരുസ്സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാകുന്നു ക്രിസ്തു"; "നാം എല്ലാവരും ക്രിസ്തുവിൽ ഒരു ശരീരമാകുന്നു" എന്നിത്യാദി സെൻറ്പോൾ നമുക്കു നൽകിയിട്ടുള്ള വിജ്ഞാനരത്നങ്ങളും, മൗതിക ശരീരത്തെപ്പററിയുള്ള തിരുസ്സഭാപഠനത്തെ തെളിയിക്കുന്നുണ്ടു്. ഈ പറഞ്ഞ ന്യായത്താൽതന്നെ ശിരസ്സായ ക്രിസ്തുവിന്റെ മാതാവായ മറിയം അവയവങ്ങളായ നമ്മുടേയും മാതാവാകുന്നു എന്നു വ്യക്തമാകുന്നുണ്ടു്.

മറിയം നമ്മുടെ മാതാവവാകുന്നു എന്നതിനു ഇനിയും വ്യക്തമായ തെളിവു ആവശ്യമെങ്കിൽ, നമ്മുടെ ശ്രദ്ധയെ അല്പനേരത്തേയ്ക്കു് ആ ഗോൽഗോത്താഗിരിശൃംഗത്തിലേക്ക് ഒന്നു തിരിച്ചുനോക്കുക. ശോകാത്മകമായ ആ ആദ്യത്തെ ദുഃഖ വെള്ളിയാഴ്ച ദിവ്യനാഥൻ കുരിശാകുന്ന ബലിപീഠത്തിൽ സമർപ്പിക്കുന്ന ആ പരമപരിത്യാഗബലിയുടെ അവസാന രംഗം.

വാ തുറന്നു സംസാരിക്കുന്നു. "ഇതാ നിന്റെ മകൻ, ഇതാ നിന്റെ അമ്മ". ഈ വാക്യങ്ങളുടെ സർവ്വ സാധാരണമായ വ്യാഖ്യാനപ്രകാരം നമ്മെ പ്രതിനിധീകരിച്ച് അവിടെ നിന്നിരുന്ന വി. ജോൺവഴി മറിയം മനുഷ്യകുലം മുഴുവന്റേയും മാതാവായിത്തീന്നു. ആ മാതൃസ്ഥാനം അവരം സസന്തോഷം സ്വീകരിക്കുകയും ചെയ്തു.

അങ്ങനെ മറിയം നമ്മുടെ ഓരോരുത്തരുടേയും അമ്മയാണ്. അതീവ വാത്സല്യത്തോടെ നമ്മെ സ്നേഹിക്കുന്ന അമ്മ; നമ്മുടെ ആവശ്യങ്ങളെ നാം പറയാതെതന്നെ അന്വേഷിച്ചറിഞ്ഞു നമ്മെ സഹായിക്കുവാൻ സന്നദ്ധയായ അമ്മ; ദൈവമാതാവെന്ന നിലയിൽ ദൈവസന്നിധിയിൽ അത്ഭുതകരമായ വല്ലഭത്വം പ്രാപിച്ചുകൊണ്ട് നമുക്കുവേണ്ടി സദാ മാദ്ധ്യസ്ഥം പറയുന്ന അമ്മ. വിശുദ്ധനായ ആർസിലെ വികാരി പറയുകയാണ് "ലോകത്തിലുള്ള അമ്മമാരുടെ സ്നേഹമെല്ലാമൊരുമിച്ചുചേത്താലും അത് ദിവ്യജനനിക്ക് നമ്മോടുള്ള സ്നേഹത്തോടു തുലനം ചെയ്‌വാൻ സാധിക്കുകയില്ലാ" എന്ന്. പ്രോട്ടസ്റ്റൻറ്സഭയിൽനിന്നു പരിവർത്തനം ചെയ്ത കത്തോലിക്കാസഭയിൽ പ്രവേശിച്ച ഒരാളോടു മതപരിവർത്തനത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ അയാൾ പറയുകയാണ് "അമ്മയ്ക്കുവേണ്ടിയുള്ള വിരഹതാപ" (Home-sick for Mother) മെന്ന്." നിങ്ങൾക്കൊരമ്മയുണ്ട്; ആ നമ്മുടെ അമ്മയെ ഞങ്ങളുടെ പൂർവ്വപിതാക്കൾ ഞങ്ങളിൽ നിന്നകററിക്കളഞ്ഞു. ആ അമ്മയുടെ പക്കലേക്കുള്ള പ്രത്യാഗമനമാണ് ഈ കത്തോലിക്കാസഭയിലേക്കുള്ള തിരിച്ചുവരവിൽ ഞാൻ വീക്ഷിക്കുന്നത്" എന്ന്. ദിവ്യജനനിയുടെ മാതൃത്വപ്രകടനങ്ങളാണ് നാം തിരുസ്സഭാചരിത്രത്തിൽ എവിടെയും കണ്ടുകൊണ്ടിരിക്കുന്നത്. ദിവ്യാംബിക വി. സൈമൺസ്റ്റോക്കിനു പ്രത്യക്ഷപ്പെട്ട് ഉത്തരീയം നൽകിയപ്പോഴും വി. ഡോമ്മിനിക്കിനു ജപമാല നൽകിയപ്പോഴും, ലൂർദ്ദിൽ ബർണഡിററിനും, ഫാത്തിമായിലെ പൈതങ്ങൾക്കും പ്രത്യക്ഷപ്പെട്ടു ലോകോത്തരമായ തന്റെ സന്ദേശങ്ങൾ നൽകിയപ്പോഴുമെല്ലാം മറിയത്തിന്റെ മാതൃസഹജമായ പരിലാളനയുടെ പ്രത്യക്ഷലക്ഷണങ്ങളാണു ദൃശ്യമായത്. നമുക്കോരോരുത്തർക്കും അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്നതും ഈ മാതൃസ്നേഹം തന്നെയാണ്.

അതിനാൽ ഈ അമ്മയെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പുത്രസഹജമായ നിഷ്ക്കളങ്കതയോടെ ഈ മാതാവിനെ നമുക്കു സ്നേഹിക്കാം. അവളുടെ അപദാനങ്ങളെ നമുക്കു പ്രകീർത്തിക്കാം. അവളുടെ മാദ്ധ്യസ്ഥത്തെ നമുക്കു തേടാം. അവൾക്കു പ്രിയംകരമായ ഉത്തരീയവും ജപമാലയും ശരിയായവിധത്തിൽ നമുക്കുപയോഗിക്കാം. മറിയത്തിൽ പ്രശോഭിച്ചിരുന്ന പുണ്യങ്ങളെ അഭ്യസിക്കുവാൻ നമുക്കു പരിശ്രമിക്കാം. ഇങ്ങനെ വിശിഷ്ടമായവിധത്തിൽ ആ മാതൃപുത്രബന്ധം പുലർത്തുന്നതിനും, അതിന്റെ മാഹാത്മ്യം മററുള്ളവരെ അറിയിക്കുന്നതിനും നമുക്കു പരിശ്രമിക്കാം. ഇത്രയും നാം ചെയ്യുമെങ്കിൽ ഈ ലോകത്തിൽ നാം ചെയ്യേണ്ട ആദ്ധ്യാത്മികസമരത്തിൽ വിജയം പ്രാപിക്കുമെന്നുമാത്രമല്ല നമ്മുടെ സ്വർഗ്ഗീയഭവനത്തിൽ നമ്മുടെ അമ്മയോടുകൂടി നിത്യസൗഭാഗ്യം അനുഭവിക്കുന്നതിനു നമുക്കിടവരികയും ചെയ്യും.

---

"കത്തോലിക്കാമതത്തിനും സദാചാരനിർമ്മലതയ്ക്കും വിരുദ്ധമാകാത്തമാത്രമല്ല, പിന്നെയോ മതപരവും സന്മാർഗ്ഗപരവുമായ രൂപീകരണത്തിന് പ്രധാന സ്ഥാനം നൽകുന്ന വിദ്യാഭ്യാസം വിശ്വാസികളേവക്കും ചെറുപ്പം മുതലെ നൽകപ്പെടേണ്ടതാകുന്നു. തങ്ങളുടെ കുട്ടികൾക്ക് ക്രിസ്തീയവിദ്യാഭ്യാസം ലഭിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതിന് മാതാപിതാക്കൾക്കും അവരുടെ സ്ഥാനം വഹിക്കുന്ന മററെല്ലാവക്കും അവകാശവും ഗൗരവമായ കടമയും ഉണ്ട്." പള്ളിനിയമം 1372.

# സാഗരതാര

(ഉപസർപ്പിണി)

ഒ. അയ്യനേത്ത്

ൻകലെയാരമ്യസാഗര സീമയി–
ലമല നീല വിൺ കോവിലിൽ നിന്നഹോ !
അവിരതം നീ തിരളുന്ന വാരൊളി–
യരിമകോലുന്ന വെള്ളി നക്ഷത്രമേ !
പരിധി കാണാത്തൊരംബുധി താണ്ടിയെ–
ന്നരികിലെത്തുന്ന നിൻ കതിർത്തുമ്പുകൾ;
മധുര ദർശനേ, യെൻ മിഴിയാ വഴി
മഹിതമോഹനം കാന്തി നുകരുന്നു.
കരളിലാനന്ദത്തേന്മഴ പെയ്യും നിൻ
കമലകോമളാകാര ശ്രീ കാണവേ,
കരുമന പെറും നീട്ടററ യാത്രതൻ
ക്ലമ മഖിലം മറന്നു പോകുന്നു ഞാൻ.
സുരുചിരപ്രഭാപൂരം വഴിയുന്ന
തരളതാരകേ നീ മറഞ്ഞീടൊലാ;
കരുണ കൂട്ടം നിനക്കു നിസ്സംശയം
ദുരിത പൂരിത മെൻ നില പാർക്കുകിൽ

ഇരുളിൻ ഭീകരതാണ്ഡവമെങ്ങുമേ,
ഇരവിലെന്റെ പ്രയാണവുമിങ്ങനെ!
ഇനിയുമേറെ ഞാൻ തപ്പിത്തടയണ–
മിനനണയുന്ന ശംഖുമുഖം വരെ.
മതികലമെല്ലെത്താണുപോയാഴിയിൽ.

മിന്നമിന്നെ മിന്നും താരകൾ മാഞ്ഞുപോയ്
കരിനിഴലിന്റെ നാടായി വാനിടം
കരയുകയാണെൻ മാനസം മൂകമായ്.
കടലിനുള്ള വിശാലമടിത്തട്ടിൽ
കൊടിയ മാരുതോല്ലോളിത കല്ലോലം,
അലറിയാടിത്തിമർക്കുന്ന വററയാ–
ലലംഘ്യഭീതനാണെപ്പൊഴും പാന്ഥൻ ഞാൻ
പതിതനാകുമിടയ്ക്കിടെ പ്പൂഴിയിൽ
ചരണവേധക കണ്ടക ജാലവും
ചിരപരിചിതമാണെനിക്കിന്നഹോ!
ചുഴലവും തിങ്ങി കൂട്ടമിരുളിൽ ഞാൻ
കഴിവു കാണാതെ യാശയററങ്ങനെ,
ഗതി തുടരവേ വന്നു പിറക്കയായ്
ഗതിയരുളാൻ വളരൊളി വീശി നീ.
കനകരേഖകൾ പൂർവ്വാചലോപരി
കിളരും മോഘകപോലങ്ങളിൽ ചാർത്തി
പുതുമ പുൽകും പുലരിയിലെത്തിടും
പകലിൻ ജീവനാം മഞ്ജുമണി ദീപം.
അതുവരേയ്ക്കും മറയാതെ, മായാതെ,
അനഘസുന്ദരം നിന്നു തിളങ്ങു നീ;
പരശ്ശതമെൻ പ്രതീക്ഷതകർക്കാതെ
പകലിൻ നാന്ദിയാം സഗേരതാരകേ!

## ഞങ്ങളുടെ പുതിയ ശ്രേഷ്ഠന്മാർ

1957 മെയ് 10-ാംതിയതി മുതൽ 14-ാംതീയതി വരെ തിരുവനന്തപുരം കാർമ്മൽ ഹിൽ ആശ്രമത്തിൽ വച്ചു നടന്ന പൊതുയോഗത്തിൽ വച്ച് കർമ്മെലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിലെ പുതിയ ശ്രേഷ്ഠന്മാരായി താഴെക്കാണുന്നവർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| പ്രൊവിൻഷ്യൽ. | | വെരി. റവ. ഫാ. എലിസേവൂസ്, ഒ. സി. ഡി. |
| കൌൺസിലേർസ്: | | വെരി റവ. ഫാ. വമോൻഡൂസ്, ഒ. സി. ഡി. |
| | ,, | ബെർണർദിൻ, ഒ. സി. ഡി. |
| ആശ്രമശ്രേഷ്ഠന്മാർ: | | |
| തക്കല: | ,, | സെലെസ്റ്റിൻ, ഒ. സി. ഡി. |
| തിരുവനന്തപുരം: | ,, | താർസീസ്, ഒ. സി. ഡി. |
| എറണാകുളം: | ,, | ബ്രൊക്കാർഡ്, ഒ. സി. ഡി. |
| വരാപ്പുഴ: | ,, | വില്യം, ഒ. സി. ഡി. |
| ബാംഗ്ളൂർ: | ,, | ജോസഫ്, ഒ. സി. ഡി. |
| നൊവീസ് മാസ്റ്റർ: | ,, | തദേവൂസ്, ഒ. സി. ഡി. |

# MARY OUR MODEL

(Rev. Fr. Victor, O. C. D.)

In every age, in every clime, in every walk of life there have been saints. Men, women and children of every strata of human society have triumphed over their spiritual enemies the devil, the world and the flesh and have won the palm of eternal glory and are now shining like stars in the firmament of heaven.

Shakespeare, the world famous English playwright, mentions three catagories of greatness: Those who are born great, those who have greatness thrust on them and finally those who achieve greatness. The saints are true heroes who belong to the third catagory, because they were not born saints, but became so by dint of persevering effort aided of course by divine grace. Like us, they too had to struggle hard all the days of their life against their spiritual foes. Like us they too were human mortals subject to the same trials, difficulties and temptations. Like us, they too had the same commandments to keep and the same sacraments with which to purify, strengthen and nourish their souls.

Simple and ordinary as they certainly were, they, however, were extraordinary in the sense that they always put first things, first, that is, they chose God in preference to all other things, come what may, and thus they practised virtue in a heroic degree.

God, who is never outdone in generosity, rewarded their fidelity by crowning them with the brilliant diadem of glory and admitted them into his heavenly court as His friends for ever.

Conseqently they are not only our powerful advocates and intercessors before the throne of God, but also our models for imitation. "Quod isti et istae, cur non ego?"

Yes, beautiful models and poweful advocates as they certainly are, they all, however, pale into insignificance before the matchless beauty, brilliance and power of Mary, the Queen of saints.

What human tongue can describe adequately her charming excellence, her peerless grace, her greatness of dignity, her tenderness of love, ihe splendour of her virtues, the sweetness of her sympaty and faithfulness of her maternal care. The purpose of this article is therefore to lift the veil, so to say, and try as far as our puny human efforts are capable of, to fathom the depths of that ocean of magnificent beauty-the soul of Mary, whom God has given us as our model par excellence. She is not only the model for every Christian, but she is also and in a very special way the model for us Carmelites, who are called to a life of contemplation. Indeed, next to God himself, is she not the greatest contemplative that ever graced this earth?

Many of us may have read the autobiography of St. Therese, the Little flower of Jesus. For once, God permitted as it were one of his spouses to let us know, though dimly a little of what passed in the inner sanctuary of a saintly soul. What a revelation it is! How enchanting How ennobling! How sweet it is to follow the record of her life by herself! And immediately the thought comes to us if so beautiful was the soul of one of the saints of our own day, who was but a faint reflection of our Blessed Lady, the Queen of saints, how much more beautiful, noble and enthralling must have been the soul of Mary, the Mother of God, the fairest lily of this valley of earth, the loveliest rose of heaven, the most fragrant flower of mankind, the chosen daughter of the house of God. Oh! if we could but get a peep into that Eden, wherein God first came, if we could but penetrate into that living tabernacle wherein Christ the God-Man first dwelt!

We search the Sacred Scriptures from cover to cover and are but disappointed. We get to know something which is very little. We get a taste which only increases our appetitie. Yet

with what we learn from Scripture we have enough to satisfy our hungry hearts if we will but keep "pondering them in our heart." That is, if we but make a serious meditation on that short text of the Gospel, which is so familiar to us and yet appears so mysterious.

Most of our knowledge of our Blessed Lady, except what was foreshadowed in type and prophecy in the Old Testment is from the first two chapters of St. Luke, which Biblical scholars think are taken from the lips our Lady herself by the evangelist. The concluding words of the penultimate verse of the second chapter, "And His mother kept all these words in her heart" (Luke II/51) are taken to mean that.

When we read very carefully these two chapters, one very characteristic note of our Lady strikes home to us. That is, that she is a soul of few words but of much meditation. St. Luke seems to emphasise this by the well known words, "But Mary kept all these words pondering them in her heart."

To know what she meditated on and how she meditated, to know the manner and method of her meditation we have to go through that wonderful hymn of hers the "Magnificat", which for the last twenty centuries has been sung by millions of catholics all the world over. In a certain sense Mary was always lonely. She was alone with no one to underetand and sympathise with her. For once, she found herself with her cousin St. Elizabeth in a situation to be understood, she burst forth her song of praise and thanksgiving to her Creator. For once and for all time she let us know what was best, truest and deepest in her heart. In short, she let us have a portion of her autobiography. She let us know the canticle of praise, thanks giving and love, which was always singing in her heart. Here she makes a marvellous revelation of her inner self. Here she shows her self as one accustomed to ponder over the words of Holy Scripture, as one who saw their application and filfilment in the Messiah, as one who beheld the future, as one who understood and realised what the stupendous mystery of the Incarnation meant to the world.

Hence we may conclude that she kept every word, every scene, every event and incident connected with her Divine Child in her mind, "pondering them in her heart." We may well believe that she always kept before her vision the apparition of the Archangel Gabriel when God's plan was first made known to her, the voluntary imprisonment of the Divine Child in her womb for nine months, the brith of the Child in the stable of Bethlehem, the visit of the shepherds, the adoration of the Magi, the presentation in the temple, the first shedding of blood at the Circumcision, the finding of the Child Jesus in the temple after an agonising search for three days, the long period of his hidden life at Nazareth in the closest intimacy with her, His public career of miracles and preaching, His dolorous Passion, her meeting him on the way to Calvary, her standing at the foot of the cross beholding him bleeding, thirsting and dying, her soul in twain in unutterable agony. Then finally Jesus laid in the tomb.

With the same confidence we may say that her ears were ringing with the words of the Angelic salutaion "Hail Mary full of grace", pronounced by the Archangel Gabriel; with the words of her cousin, St. Elizabeth "Whence is to me that the Mother of my Lord should come to me?" with the words of the angelic host on the first Christmas night "Glory be to God in the highest and on earth peace to men of good will"; with the prophetic words of holy Simeon "And thy own soul a sword shall pierce"; with the words of Jesus Himself "Did you not know that I must be about my Father's business?"; with the words at the marriage feast of Cana "Woman, my hour is not yet come": and finally with the words from the cross of Calvary "Woman behold thy son", "son, behold thy Mother".

In every scene and in every incident Mary saw the guiding hand of God. In every word she heard the voice of God. Although she could not understand it all, though her own soul had often to pass through the dark night of tribulation, though the question may have come to her

lips often "son, why hast thou done so to us?", she nevertheless believed with a faith that surpassed that of Abraham and as she looked beyond the ages and reflected on the fruit that her faith and sorrow would bear, her heart was uplifted with an immense joy and glowed with gratitude and love for her God and the "Magnificat" was repeated in the silence of her heart. Such was our Lady's inner life, a life of continual prayer, a life a contemplation, a life of union with God.

And now, let us cast a glance at our own life and see the contrast with Mary our heavenly Mother, whose children of predilection we profess to be. Alas! in spite of all our goodwill what a distracted life is ours! The daily newspapers, the idle gossip, over-anxiety about our material aflairs, worldly amusements occupy so much of our attention that the presence of God has scarcely any influence over our life, what is needed to put ourselves in the right spiritual perspective is not so much a knowledge of many truths to meditate upon; but rather a deepening of our convictions and an intensifying of our love according to the well - known dictum "Non multa sed multum", not many things but much.

The simple truths of Faith we have known from our childhood, as for instance that Jesus became man not only to redeem us, but also to win our love by a life-long act of self-sacrifice from the crib to the cross; that He remains in the tabernacle day and night as a prisoner of love for our sake; that God's fatherly Providence rules and governs everything in this world so that not a hair of our head will fall without His permission; that the secret of happiness in this life is to do God's will even if it is painful et cetera, yes, these and similar homely truths provide us with ample matter for our meditation. We know that it is meditation of such kind that changed an Ignatius Loyola from a soldier on the battlefield to become the founder and the first General of the world renowned Society of Jesus. It is mediation on the Passion of Christ that transformed a Francis of Assisi, the gay young son of a rich merchant into a beggar for Christ's sake and into one of the most popular saints in the world's history.

If the touching examples of these heroes of Christianity fail to move our hearts, let us at least look up to our own sweet heavenly Mother, Mary, to whose loving appeal no catholic worthy of the name can turn a deaf ear.

No one after our Blessed Lord exercises so salutary an influnce as Mary on society, on the home, on the family and the individual. Yes, the Mother of Jesus wields over our Christian life that hallowed influence, which a good mother always exercises over the catholic family. She is at once the pattern, the protectress and the guide of every catholic, be he priest or layman, religious or secular, prince or peasant, soldier or civilian, ruler or citizen, learned or ignorant, man or woman, young man or maiden, boy or girl. All acknowledge her benign sway, all love her and all have experienced her maternal tenderness.


There can be no true devotion to Mary without the imitation of her virtues. If we tell her in the words of the well-known hymn "Monstra te esse matrem", she has every right to tell us "Monstra te esse filium". Therefore let us try to be Marian in our thoughts, words and deeds. Let us above all be men of prayer and like unto Mary let us keep pondering in our hearts God's mercies and his benefits and let us with Mary keep singing in our hearts this consoling truth of the "Magnificat", "He that is mighty hath done great things to me and Holy is His name".

---

"Mary at Fatima *asks so little:* penance, fulfilment of duty, the daily Rosary, devotion to her Immaculate Heart, Communion of reparation on five first Saturdays. *She promises so much.* the triumph of her Immaculate Heart, the conversion of Russia, world peace."

Rev. L. M. Dooley, S. V. D.

# IN MEMORIAM



**The Late Very Rev. Fr. Zacharias, O. C. D.**

**Professor of the Ap. Seminary, Alwaye.**

Many are those who take St. Paul's motto: to become all to all; but only few succeed in practising it, because others do not become atleast something to them. Reverend Father Zacharias was an exception. Disinterested and pains-taking as he was, he readily sacrificed his time and energy for the good of others and this endeared him to all who came in contact with him. His inspiration and initiative were behind almost every catholic movement that was started in this country during the past 25 years. In him we lose a great scholar, an able professor, an efficient organizer, an enthusiastic missionary and promotor of indigenous missionary vocations, an enlightened spiritual director and above all a very holy religious whose life was an eloquent sermon to all.

| | |
|---|---|
| Born in Abadiano (Spain) ... | 5 - 11 - 1887 |
| Joined the Carmelite Order ... | 10 - 9 - 1903 |
| Ordained Priest in Rome ... | 14 - 7 - 1912 |
| Came to India ... | 9 - 10 - 1912 |
| Died ... | 23 - 5 - 1957 |

R. I. P.

## പുതിയ പുസ്തകങ്ങൾ

1. പീഡാനുഭവ രംഗങ്ങളിലൂടെ. പരിഭാഷകൻ: സെബാസ്റ്റ്യൻ പ്ലാക്കൂട്ടം. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. വശങ്ങൾ 69. (1957), വില 7 ണ.

ലോകപ്രസിദ്ധനായ റേഡിയോ പ്രഭാഷകൻ മോൺ. ഫുൾട്ടൻ ജെ. ഷീനിൻെറ Characters of the Passion എന്ന പുസ്തകത്തിൻെറ പരിഭാഷയാണ് 'പീഡാനുഭവരംഗങ്ങളിലൂടെ'. പത്രോസ്, യൂദാസ്, ഹേറോദേസ്, പീലാത്തൂസ്, ബറാബാസ് ഇവരുടെ സ്വഭാവത്തിൽനിന്നും പ്രവൃത്തികളിൽനിന്നും ആധുനികമനുഷ്യൻ എന്താണ് പഠിക്കേണ്ടതു് എന്നു കാണാം ശുദ്ധഭാഷയിൽ എഴുതിയിരിക്കുന്ന ഈ പുസ്തകം ഒരാവർത്തി വായിച്ചാൽ.

2. വിശ്വറാണി. പരിഭാഷകന്മാർ: ഫാ. സി. എൽ. ഞെറളക്കാട്ട്, ഫാ. ജോസഫ് വെളിയത്തിൽ. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. (1957). വശങ്ങൾ 256. വില. 1 ക. 6 ണ.

വി. ഗ്രിഞ്ഞോൺ ഡി മോൺഫോർട്ടിൻെറ വിശ്വവിഖ്യാതമായ 'The true devotion' എന്ന ഗ്രന്ഥത്തിൻെറ പരിഭാഷയാണ് വിശ്വറാണി. നമ്മുടെ കത്തോലിക്കരിൽ ഇംഗ്ലീഷ് ഭാഷ വശമില്ലാത്തവൎക്ക് അനുഭവപ്പെട്ടിരുന്ന ഒരു തീരാനഷ്ടം ഈ വിവർത്തനംമൂലം പരിഹരിക്കപ്പെട്ടിരിക്കുന്നു. വി. ഗ്രിഞ്ഞോൺതന്നെ എഴുതിയ ആമുഖമാണ് പുസ്തകത്തിൻെറ ആദ്യം ഉള്ളതു്. അതിനെ തുടൎന്ന് മറിയഭക്തിയെ സംബന്ധിച്ച മൗലികസത്യങ്ങൾ, യഥാർത്ഥ മറിയഭക്തിയുടെ അഭ്യാസങ്ങൾ, സ്വഭാവം, മാഹാത്മ്യം, ഫലങ്ങൾ, പ്രത്യേകാനുഷ്ഠാനങ്ങൾ മുതലായ വിഷയങ്ങളെ പരാമർശിച്ച് സുദീർഘമായി ഉപന്യസിച്ചിരിക്കുന്നു. എല്ലാവൎക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്ന ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ പുസ്തകം യഥാർത്ഥ മറിയഭക്തി നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുന്നതിനു തികച്ചും സഹായകമായിരിക്കും.

3. **The Syro**-Chaldean Church in Malabar. By V. C. George. The St. Joseph's Printing House, Tiruvalla. 1957. PP.III+205, Price Re.1.

Mr. V. C. George who is well-known as a writer and historian throughout Malabar has done a great service to the cause of the Catholic church in this country by writing the book; "The Syro-Chaldean church in Malabar." The book is primarly meant to refute one Rev, Daniel D. D. who called in question the fidelity of the Syrian christians of Malabar to the Catholic Faith before the Synod of Diamper. We are happy to state that Mr. George has done his work in a masterly way. The author who is a great scholar in this matter and who actively worked with such noted historians as Fr. Nidiri and Fr. Bernard T. O. C. D. proves effectively and clearly that the Syrian catholics of Malabar have always remained faithful to the catholic doctrine and loyal to the See of Rome. His assertions are based on an abundance of authentic documents and cogent reasoning.

It is a sad fact that some European writers found it necessary for their own interests to blacken the name of the Pre-portughese christians of Malabar with accusations of Nestorianism and superstition. But, as Mr. George clearly shows, these accusations have no foundation. Christians of Kerala who have later on fallen away from the Faith of their fathers need not hope to find consolation in repeating those false accusations as long as we have among us such scholarly historians as Mr. George.

We wish the book a wide circulation both in and outside Kerala and hope that it will help to dissipate the mist of baseless calumnies that has enshrouded the history of this Community for the last three hundred years (F. P.)

---

"എൻെറ ഇടവകയിൽ ഉത്തരീയഭക്തി പ്രചരിപ്പിക്കുന്നതിനു ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നതുകൊണ്ട് യാതൊരുവനും അന്ത്യക്രൂദാശകൾ കൂടാതെ മരിക്കുന്നില്ല." ഒരു വൈദികൻ.

---

# വിദ്യാഭ്യാസബില്ലിലെ 'വേണ്ടാതനങ്ങൾ' *

മുണ്ടശ്ശേരി മന്ത്രിയുടെ "മാനേജർ മരവിപ്പിക്കൽ ബില്ലിൽ" പുതുതായി കൊള്ളാവുന്നതെന്തെങ്കിലുമുണ്ടോ എന്നു കണ്ടുപിടിക്കുവാൻ അവധാനപൂർവ്വം പല ആവർത്തി പണിപ്പെട്ടു പഠിച്ചുനോക്കി. അദ്ധ്യാപക അവശത പരിഹരിക്കുമെന്നു പെരുമ്പറ അടിച്ച് മുട്ടരെത്തൂടരെ അറിയിച്ചിരുന്നതുകൊണ്ട് അവക്കെങ്കിലും വല്ല ഗുണമുണ്ടാകുമെന്നു പ്രതീക്ഷിച്ചു. കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനോടു കൂടെനിന്നാൽ വല്ലതും കിട്ടും എന്നു വ്യംഗ്യാർത്ഥത്തിൽ 14-ാം വകുപ്പ് ഒന്നാം ഉപവകുപ്പിൽ ഇത്രയും കാണുന്നുണ്ട്: "ഗവൺമെണ്ടു സ്കൂൾ അദ്ധ്യാപകർക്ക് ബാധകമായ പെൻഷൻ, പ്രോവിഡണ്ടു ഫണ്ട്, ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ചുള്ള ഏതെങ്കിലും പദ്ധതി, സമുചിതമെന്നു തോന്നുന്ന വ്യവസ്ഥകൾക്കും വ്യത്യാസങ്ങൾക്കും വിധേയമായി ഗസററ് നോട്ടിഫിക്കേഷൻ മൂഖേന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കും ബാധകമാക്കാവുന്നതാണ്". പ്രൈവററ് സ്കൂൾ അദ്ധ്യാപകരെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിൻെറ പാവകളാക്കാൻവേണ്ടി ഇതിൽക്കൂടുതൽ എന്തു ചെയ്യാൻ കഴിയും?

മാനേജരന്മാർ മനുഷ്യരല്ലെന്നോ അവർക്ക് പൗരാവകാശമില്ലെന്നോ, ഭാരം പേറാനുള്ള കഴുതകൾ മാത്രമാണെന്നോ ഉള്ള പ്രതീതിയാണ് അവരെക്കുറിച്ചുള്ള 6, 16, 17 എന്നീ വകുപ്പുകൾ പഠിക്കുമ്പോൾ ഉണ്ടാകുന്നത്. മാനേജരന്മാരെ തേജോവധം ചെയ്തിട്ടിരിക്കുകയാണ്. ഈ ബില്ല് പാസ്സായാൽ കമ്മ്യൂണിസ്റ്റ് ഗവൺമെൻറു നിശ്ചയിക്കുന്ന സമയത്ത് സകല മാനേജരന്മാരെയും നിശ്ചലരാക്കാം. ഒരു വകുപ്പിൽ ചേരാത്തത് മറെറാരു വകുപ്പിൽ ചേർത്തിട്ടുണ്ട്. നഷ്ടപരിഹാരം ബില്ലിൻപടി കണക്കുകൂട്ടിവരുമ്പോൾ നാസ്തി. ബില്ലിനു ഗവൺമെണ്ട് കല്പിച്ചിട്ടുള്ള പ്രാധാന്യമനുസരിച്ച് നോക്കിയാൽ 'മാനേജർവധം കഥകളി' വളരെ രസകരമായിരിക്കുന്നു എന്നുകാണാം.

ഏകാധിപത്യ കമ്മ്യൂണിസത്തിനല്ലാതെ ഇത്തരമൊരു ബില്ല് സൃഷ്ടിക്കുവാൻ കഴിയുകയില്ല. ബില്ല് കമ്മ്യൂണിസ്റ്റുകളുടേതായതുകൊണ്ടല്ല എതിർക്കുന്നത്. അതിൽ നല്ലതൊന്നും കൊള്ളിക്കാതെ കൊള്ളരുതായ്മകൾകൊണ്ട് നിറഞ്ഞിരിക്കുന്നതിനാലാണ്........ ലിസ്റ്റ് പ്രസ്ഥാനം മാനേജരന്മാരുടെ മേൽ കെട്ടിയേൽപ്പിക്കുവാൻ ജനാധിപത്യമുറയ്ക്ക് ഭരിച്ചുകൊള്ളാമെന്ന് ഭരമേററ കമ്മ്യൂണിസ്റ്റുകൾക്കു സാധ്യമല്ല. കേരളത്തിലെ ആദർശവീരന്മാരെയെല്ലാം 'ലിക്വിഡേററ്' ചെയ്യുവാൻ അവർക്കു കഴിയുമോ? തീയിൽ കുരുത്തതാണ് കത്തോലിക്കാസഭ; തീയിലാണതു സമൃദ്ധിയിൽ വളരുന്നത്. ആദർശസംരക്ഷണാർത്ഥം വിജയംവരെ ഏതു ത്യാഗങ്ങളും സഹിച്ച് സമരം ചെയ്യുവാൻ അതിനു കഴിവുണ്ട്. എതിർപ്പിൻെറ സ്വഭാവമനുസരിച്ച് കത്തോലിക്കരുടെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. എതിർപ്പിനുവേണ്ടിമാത്രം അവർ എതിർക്കുകയില്ല. തങ്ങളുടെ സ്കൂളുകളുടെ ദൈനംദിനഭരണത്തിലും, പ്രത്യേകിച്ച് അദ്ധ്യാപക നിയമനത്തിലും കൈകടത്തുവാനുള്ള എത്ര പരോക്ഷമായ സംരംഭത്തേയും സർവ്വകഴിവുകളും ഉപയോഗിച്ച് എതിർക്കുന്നതായിരിക്കും.....അദ്ധ്യാപകനിയമനം കൈയ്യടക്കി, മാനേജർമാരെ പാവകളാക്കി, പാർട്ടിക്കാരെ കുത്തിച്ചെലുത്തി, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം താറുമാറാക്കുവാനുള്ള ഏതൊരു സംരംഭത്തേയും ആമരണം ചെറുക്കുവാൻ കേരളജനത, വിശിഷ്യ കത്തോലിക്കർ തയ്യാറാവുകയാണ്. നീണ്ട ഒരു സമരംതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ബില്ല് കൊള്ളരുതാത്ത വ്യവസ്ഥകളോടുകൂടി നിയമസഭയിൽ പാസാക്കപ്പെടുന്നപക്ഷം, അതൊരു പോർവിളിയായി ഞങ്ങൾ സ്വീകരിക്കും. ഈശ്വരൻേറയും, മതത്തിൻേറയും, മാതാപിതാക്കളുടേയും, മാനേജർമാരുടേയും, അദ്ധ്യാപകാദ്ധ്യേതാക്കളുടെയും അവകാശസംരക്ഷണാർത്ഥം മരിക്കേണ്ടിവന്നാൽ അതിലുപരിയായ വീരമരണമില്ലെന്ന് വിശ്വസിക്കുന്നവരാണ് കേരളകത്തോലിക്കരിൽ ബഹുഭൂരിപക്ഷവും. സമരമാണെങ്കിൽ സമരം, മരണമാണെങ്കിൽ മരണം. ഭാവിതലമുറയ്ക്കെങ്കിലും സ്വാതന്ത്ര്യമായി ജീവിക്കാൻ കഴിയണം. ദൈവം ഞങ്ങളോടുകൂടിയുണ്ട്.

* പാഠശാലകളോ കമ്മ്യൂണിസ്റ്റ് പഠനക്കളരികളോ? എന്ന റവ. ഫാ. ആക്കെയിൻജൽ ഒ. സി. ഡി. യുടെ പുസ്തകത്തിൽ നിന്ന്. Assisi Press, Nagercoil P. O.

‟ ഏതുതരം വിഷയങ്ങൾ പഠിപ്പിക്കുന്നതിനും പ്രൈമറിസ്കൂളുകൾ മാത്രമല്ല, മിഡിൽ സ്കൂളുകളും ഹൈസ്കൂളുകളും സ്ഥാപിക്കുന്നതിനും കത്തോലിക്കാസഭയ്ക്ക് അവകാശമുണ്ട്.''

പള്ളിനിയമം 1375.

" (മതോപദേശം നൽകത്തക്കവിധത്തിൽ) കത്തോലിക്ക പ്രൈമറിസ്കൂളുകളും മിഡിൽ സ്കൂളുകളുമില്ലെങ്കിൽ, അവ സ്ഥാപിക്കുന്നതിന് എല്ലാവരും താല്പര്യപ്പെടണം. പ്രത്യേകിച്ച് അതതുസ്ഥലത്തെ വൈദിക മേലദ്ധ്യക്ഷന്മാർ''

പള്ളിനിയമം 1379.

---


# കാർമ്മൽ

കേരളത്തിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജാനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

## പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ —അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിന് മുൻകൂർ 1രു.50ന.പ.

വരിപ്പണത്തിന്റെ മൂന്നിലൊന്ന് **കമ്മീഷൻ** ഏജൻറന്മാർക്ക്.
കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ച്:-മാനേജർ, ‟കാർമ്മൽ", സെന്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1
ലേഖനങ്ങൾ സംബന്ധിച്ച്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1


---

## ഈ ലക്കത്തിൽ


| | | |
|---|---|---|
| 1 | രക്ഷയുടെ കവചം .... .... .... .... | 79 |
| 2 | ദൈവത്തിന്റെ ഏററം വലിയ ദാനം .... .... | 81 |
| 3. | നാഗമർദ്ദിനി .... .... .... .... | 85 |
| 4. | വിശുദ്ധ അന്നാ അമ്മ .... .... .... .... | 89 |
| 5. | ‟നന്മനിറഞ്ഞ മറിയം" പ്രാർത്ഥന-IV (തുടർച്ച) .... | 90 |
| 6. | സ്നേഹാഗ്നിച്ചൂളയിൽ (ഗാഥ) .... .... .... | 93 |
| 7 | സ്വപ്നമേ! സ്വപ്നം (ഏകാങ്ക നാടകം) .... .... | 94 |
| 8 | കർമ്മേലോത്തരീയവും കഠിന പാപിയും (സംഭവകഥ) .... | 98 |
| 9. | ദൈവത്തിന്റെ അമ്മ, നിന്റെ അമ്മ, സ്നേഹിക്കുക; ബഹുമാനിക്കുക | 101 |
| 10. | സാഗരതാര .... .... .... .... | 104 |
| 11. | Mary Our Model .... .... .... .... | 105 |
| 12. | പുതിയ പുസ്തകങ്ങൾ .... .... .... .... | 109 |
| 13. | വിദ്യാഭ്യാസബില്ലിലെ ‘വേണ്ടാതനങ്ങൾ’ .... .... | 110 |

Lic. o. 581 **CARMEL** Telephone No. 2286

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ന. പ. |
|---|---|---|---|
| 1. | ഞാൻ കണ്ട യൂറോപ്പ് | 0 | 50 |
| 2. | ആത്മപോഷിണി | 0 | 37 |
| 3. | കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 16 |
| 4. | കർമ്മല മൂന്നാംസഭാ മാനുവൽ | 0 | 50 |
| 5. | കർമ്മലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 12 |
| 6. | വി. യോഹന്നാൻ ക്രൂസിൻെറ കരുതലുകൾ | 0 | 9 |
| 7. | മറിയാനുകരണം | 0 | 62 |
| 8. | സുകൃതസരണി | 1 | 87 |
| 9. | മറിയമകനീശോ | 0 | 87 |
| 10. | **Happiness for priests** | 1 | 0 |
| 11. | **A Man of God** (Biography of Archbishop Benziger) | 4 | 50 |
| 12. | പീഡകളുടെ മനുഷ്യൻ | 0 | 37 |
| 13. | സുവിശേഷസാരം | 0 | 37 |

*N. B.* പത്തിൽ കൂടുതൽ പുസ്തകം എടുക്കുന്നവർക്ക് 25% കമ്മീഷൻ. Manager

ST. JOSEPH'S PRESS, TRIVANDRUM-1

## തിരുവസ്ത്രത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടം ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടം നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ളതു ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിനു് 9 ന. പ. പ്രാർത്ഥനാസഹിതമുള്ളതിനു് 16 ന. പ. ഡസനു് 12 ന. പ. കമ്മീഷനും നൽകുന്നതാണു്. കച്ചവടക്കാർക്കു്, 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്ന പക്ഷം, ഡസനു് 6 ന. പ.യും, 25 ഡസൻ ആവശ്യപ്പെടുന്നപക്ഷം 12 ന. പ.യും കമ്മിഷൻ കൊടുക്കുന്നതാണു്. എന്നാൽ അവർക്കു് വി. പി. പി. ആയിട്ടേ അയച്ചുകൊടുക്കുവാൻ നിവൃത്തിയുള്ളു.

ഉത്തരീയത്തിൻെറ വില മണിഓർഡർ ആയോ ചെക്കായോ (Crossed Cheque) അയയ്ക്കാം. ചെക്കു് അയയ്ക്കുന്നവർ ~~ദയവായി~~ ബാങ്കു കമ്മീഷൻ കൂടെ അയച്ചുതരുവാൻ വിസ്മരിക്കരുതു്. ഉത്തരീയത്തിൻെറ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിനു സാധിക്കയുള്ളു. ആകയാൽ ഇക്കാര്യത്തിൽ ഏവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with perimisson of Eccl. Superiors.